ഖുത്ബ നമ്പർ
01
03-01-2014

بسم الله الرحمن الرحيم O نحمده ونصلی علیٰ رسوله الكريم O وعلیٰ عبده المسيح الموعود

**ജുമുഅ ഖുത്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالیٰ بنصره العزيز

വിവർത്തനം: എം.നാസിർ അഹ്മദ്, കൊടിയത്തൂർ


Baitul Futuh, London

# കഴിഞ്ഞ വർഷ നേട്ടങ്ങളും, വഖ്ഫ് ജദീദ് നവവർഷ പ്രഖ്യാപനവും

ആദ്യമായി ഞാൻ ഇന്ന് നിങ്ങൾക്കും ലോകത്തുള്ള എല്ലാ അഹ്മദികൾക്കും പുതുവത്സരാശംസകൾ നേരുകയാണ്. എനിക്ക് വിവിധ സംഘടനകളിൽ നിന്നും ജമാഅത്തുകളിൽ നിന്നും വ്യക്തികളിൽ നിന്നും നവവത്സരാശംസകൾ ലഭിച്ചു കൊണ്ടിരിക്കുന്നു. അവർക്കെല്ലാവർക്കും ആശംസകൾ നേരുന്നു. അല്ലാഹു തന്റെ പ്രത്യേക കൃപാവരത്താൽ ഈ വർഷത്തെ തന്റെ കാരുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും വർഷമാക്കി മാറ്റട്ടെ എന്ന പ്രാർത്ഥനയോടു കൂടി ഈ ആശംസകൾ നേരുകയാണ്. ഓരോ അഹ്മദിയും ചെയ്യേണ്ട ദുആയാണിത്. വെറും ബാഹ്യമായ രീതിയിലുള്ള ആശംസകൾ നേരുക എന്നത് വെറുതെയാണ്. ഭൗതികരായ ആളുകളുടെ പ്രവർത്തിയാണിത്. അല്ലാഹുവിന്റെ ഫള്ലുകളെയും അനുഗ്രഹങ്ങളെയും കാരുണ്യങ്ങളെയും ആഗ്രഹിച്ചുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടുമായിരിക്കണം ഈ ആശംസകൾ നേരുന്നത്. നമുക്ക് അല്ലാഹു നൽകിയ കഴിവുകളെയും ശക്തികളെയും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെയും ഫള്ലുകളെയും സ്വരുക്കൂട്ടുന്നതിനായി വിനിയോഗിക്കുന്നില്ലെങ്കിൽ ഈ ആഗ്രഹങ്ങളും പ്രാർത്ഥനകളും എല്ലാം വ്യർത്ഥമായിത്തീരുന്നതാണ്. അല്ലാഹു നമ്മോട് പറഞ്ഞ കാര്യങ്ങളനുസരിച്ച് നാം പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്.

പുതുവർഷ രാത്രിയിൽ ഒരുമിച്ചുകൊണ്ട് നഫൽ നമസ്കരിക്കുന്നത് പ്രയോജനപ്പെടുന്നത് ഈ നഫലുകൾ തുടർന്ന് കൊണ്ടേ പോകും എന്ന തീരുമാനം നാം എടുക്കുമ്പോഴാണ്. അല്ലാഹുവിന്റെ ഫള്ലിനെ കരസ്ഥമാക്കുന്നതിനായി തങ്ങളുടെ ആരാധനയുടെ നിലവാരം മെച്ചപ്പെടുത്തുന്നതാണെന്നും നാം തീരുമാനം എടുക്കുകയും തങ്ങളുടെ കർമ്മങ്ങൾ ഓരോന്നും തന്നെ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി ചെയ്യുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്യുമ്പോഴാണ്. ഈ ചിന്തയോടുകൂടി നാം രണ്ട് ദിവസം മുമ്പ് തങ്ങളുടെ പുതുവർഷം ആരംഭിച്ചിരുന്നെങ്കിൽ, പുതുവർഷാശംസകൾ നേർന്നതെങ്കിൽ നാം അല്ലാഹുവിന്റെ ഫള്ലുകളെയും അനുഗ്രഹങ്ങളെയും കാരുണ്യങ്ങളെയും സ്വരുക്കൂട്ടുന്നവരിൽ ഉൾപ്പെടുന്നതാണ്. *അല്ലാഹു നാം എല്ലാവരുടെയും ചിന്ത ഇതാക്കിമാറ്റട്ടെ. ഇങ്ങനെയുള്ള ചിന്തയില്ലായെങ്കിൽ അല്ലാഹു നമ്മുടെ ചിന്ത ഇതാക്കിത്തീർക്കട്ടെ.* ഈ ഒരു ചിന്തയാണ് കഴിഞ്ഞവർഷ അനുഗ്രഹങ്ങളെ ഓർത്ത് നമ്മെ നന്ദിയുള്ളവരാക്കിമാറ്റുന്നത്. അല്ലാഹു തന്റെ കൃപ ഒന്നുകൊണ്ട് മാത്രം നമ്മിൽ വർഷിച്ചിരിക്കുന്ന അനുഗ്രഹങ്ങളെ നാം ഓർക്കുമ്പോഴാണ് അവന്റെ മുമ്പിൽ കുമ്പിടുന്നവരായി നാം മാറുന്നത്. അല്ലാഹുവിന്റെ മുമ്പിൽ സമ്പൂർണ്ണമായ നമ്മുടെ വണക്കം തന്നെയാണ് നമ്മുടെ ജീവിത ലക്ഷ്യം. അതാണ് അല്ലാഹു നമ്മോട് പറഞ്ഞത്.

അതിനാൽ നാം ആശംസകൾ നേരുമ്പോൾ ഈ ഒരു വികാരമാണ് ഉണ്ടായിത്തീരേണ്ടത്. കഴിഞ്ഞ വർഷത്തിലേക്ക് നാമൊന്ന് തിരിഞ്ഞു നോക്കുമ്പോൾ ജമാഅത്ത് തലത്തിൽ ചില പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ തന്നെയും 2013 വർഷം അല്ലാഹുവിന്റെ അനന്തമായ അനുഗ്രഹവർഷത്തിന്റെ വർഷമായിരുന്നു എന്ന് മനസ്സിലാകുന്നതാണ്. അതിനാൽ ഈ അനുഗ്രഹങ്ങൾ തുടർന്ന്കൊണ്ടുപോകണം എന്ന് നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ വിനയവും കഠിനാധ്വാനവും പ്രാർത്ഥനയും മുഖേന ഈ അനുഗ്രഹങ്ങളെ ഉൾക്കൊള്ളാനായി പരിശ്രമിക്കേണ്ടതാണ്. പ്രത്യേകിച്ച് ജമാഅത്തിന്റെ ചില സേവനങ്ങൾ ചുമത്തപ്പെട്ടിട്ടുള്ള ആളുകളാണ് ഇത് ചെയ്യേണ്ടത്.

ഈ ഫള്ലിനെ കരസ്ഥമാക്കാനായി അവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജമാഅത്തിൽ ഞങ്ങൾക്ക് ഇന്നയിന്ന സ്ഥാനങ്ങളിൽ പ്രവർത്തിക്കാൻ തൗഫീഖ് ലഭിച്ചു എന്നതിൽ ചിലർ സന്തോഷിക്കുന്നു. അവർ പറയുന്നത് ജോലി ചെയ്യാനുള്ള ഭാഗ്യം ലഭിക്കുന്നു എന്നതാണെന്നത് ശരിയാണ്. എന്നാൽ ഇത് സൗഭാഗ്യമായിത്തീരുന്നത് ഹൃദയത്തിൽ ഇന്ന സ്ഥാനത്താണെന്ന ചിന്തയെ ഇല്ലാതാക്കുമ്പോഴാണ്. മറിച്ച് ദീനി സേവനം എന്ന ചിന്തയാണ് ഉണ്ടാകേണ്ടത്. ദീനി സേവനത്തെ ദൈവത്തിന്റെ ഒരു കൃപാവരമായി നാം കാണണം. തങ്ങളുടെ അഹംഭാവവും, പൊങ്ങച്ചവും, അഹന്തയും, താൻ മറ്റുള്ളവരേക്കാളും ഉന്നതരാണെന്നുമുള്ള ചിന്തയും തീരെ ഇല്ലാതായിത്തീരേണ്ടതാണ്. ആരാണോ ഇതനുസരിച്ച് പ്രവർത്തിക്കുകയും വിനയം കൈകൊള്ളുകയും ചെയ്യുന്നത് അവരുടെ പ്രവർത്തനത്തിൽ അല്ലാഹു അനന്തമായ അനുഗ്രഹങ്ങൾ ചൊരിയുകയും ചെയ്യുന്നു. അവരുടെ കൂടെ പ്രവർത്തിക്കുന്നവരും അവരുടെ യഥാർത്ഥ സഹായികളായി മാറി ജമാഅത്തീസേവനങ്ങൾ ചെയ്യുന്നവരായിത്തീരുന്നതാണ്. ജമാഅത്തംഗങ്ങളും സസന്തോഷം അവർ പറയുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്. *അല്ലാഹു നമ്മുടെ എല്ലാ ഭാരവാഹികളെയും സേവനം ചെയ്യുന്നവരെയും തങ്ങളിൽ വിനയവും എളിമയും ആത്മാർത്ഥതയും കഠിനാധ്വാനശീലവും ദുആയുടെ ശീലവും മുമ്പത്തേക്കാളുപരി ഉണ്ടാക്കുന്നവരാക്കി മാറ്റട്ടെ.* ഇങ്ങനെയായിത്തീർന്നാലാണ് അവർ കാലത്തിന്റെ ഖലീഫയുടെ സുൽത്താനെ നസീറായിത്തീരുന്നത്. ജമാഅത്തംഗങ്ങളും ഇതോടുകൂടി ജമാഅത്തി പ്രവർത്തനങ്ങളെ മറ്റെല്ലാ പ്രവർത്തനത്തേക്കാളും പ്രാമുഖ്യം നൽകുന്നവരായി മാറുന്നത്. അങ്ങനെ അല്ലാഹുവിന്റെ ഫള്ലിന്റെ കാഴ്ചകൾ എപ്പോഴും കാണുന്നവരായി നാം മാറുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ പ്രവർത്തനങ്ങളെ മുന്നോട്ട് നയിക്കുകയാണ് നമ്മുടെ പ്രവർത്തിയെന്നത് എല്ലാ അഹ്മദികൾക്കും അറിയുന്നതാണ്. ഇസ്ലാമിന്റെ സന്ദേശം ലോകത്ത് പ്രചരിപ്പിക്കുക എന്ന ആ മഹാത്മാവിനെ ഏൽപ്പിച്ച പ്രവർത്തി ചെയ്യുക എന്നതാണ് നമ്മുടെ ജോലി. ചിന്നി ചിതറിയ മുസ്ലീംകളെ ഒന്നാക്കണം. ലോകരെ ഏകനായ ദൈവത്തിന്റെ മുമ്പിൽ കുമ്പിടുന്നവരാക്കി മാറ്റണം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പ്രവർത്തികൾ ജമാഅത്ത് ചെയ്തു കൊണ്ടിരിക്കുന്നുണ്ട്. മസ്ജിദുകളുടെ നിർമ്മാണം, മിഷൻ ഹൗസുകളുടെ നിർമ്മാണം, പുസ്തകങ്ങൾ തയ്യാറാക്കലും അതിന്റെ പ്രസിദ്ധീകരണവും, മുബല്ലിഗ് മുഅല്ലിമീംകളെ തയ്യാറാക്കലും അവരെ ഫീൽഡിലേക്ക് അയക്കലും തുടങ്ങിയ പ്രവർത്തികളും അല്ലാഹുവിന്റെ ഫള്ലോടുകൂടി ജമാഅത്ത് ചെയ്യുന്നുണ്ട്.

ഞാൻ പറഞ്ഞത് പോലെ അല്ലാഹു പറഞ്ഞത് നമ്മുടെ ജീവിതലക്ഷ്യം അവനെ ആരാധിക്കുക എന്നതാണ്. ഒരു മുസ്‌ലിം പുരുഷന് ജമാഅത്തായ നമസ്കാരം ഫർളാണ്. ജമാഅത്തായ നമസ്കാരത്തിന് മസ്ജിദുകളും അതിനനുയോജ്യമായ സ്ഥലങ്ങളുടെ നിർമ്മാണവും അനിവാര്യമാണ്. അല്ലാഹു കഴിഞ്ഞ വർഷം അനന്തമായ അനുഗ്രഹങ്ങൾ നൽകുകയുണ്ടായി. അതിൽ ഒന്ന് ലോകത്ത് നമുക്ക് മസ്ജിദുകൾ നിർമ്മിക്കാൻ സാധിച്ചത് വലിയ ഫള്‌ലാണ്. മസ്ജിദുകളെ ജനസാന്ദ്രമാക്കുവാനും സാധിച്ചു. പ്രത്യേകിച്ച് ആഫ്രിക്കയിലും ഇന്ത്യയിലും ഈ പ്രവൃത്തികൾ വളരെ കൂടുതലായി നടക്കുകയുണ്ടായി. യൂറോപ്പിലും ആസ്ത്രേലിയായിലും മറ്റു പ്രദേശങ്ങളിലും ഇത് നടന്നിട്ടുണ്ട്. അതിന്റെ ഒരു കണക്ക് ഞാൻ സമർപ്പിക്കാം.

2013 വർഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ 136 പള്ളികൾ നിർമ്മിക്കാനും ഇന്ത്യയിൽ ചെറിയ ഗ്രാമങ്ങളിൽ നമസ്കാര സൗകര്യങ്ങൾ ഒരുക്കുന്നതിനായി താത്കാലിക ഷെഡ്ഡുകൾ നിർമ്മിക്കാനും സാധിച്ചു. മരവും ടിന്നും ഉപയോഗിച്ചാണ് ഈ ഷെഡ്ഡുകൾ നിർമ്മിച്ചത്. അതിന്റെ എണ്ണം 22 ആണ്. 258 പുതിയ പള്ളികൾ ലഭിക്കുകയും ചെയ്തു. ജമാഅത്ത് ചെയ്യുന്ന തബ്‌ലീഗ് പ്രവർത്തനത്തിലൂടെ ഇമാമുകൾ ജമാഅത്തിൽ ചേരുമ്പോൾ അവരോടൊപ്പം ആ പള്ളികളും നമുക്ക് ലഭിക്കുകയാണ് ചെയ്യുന്നത്. ഞാൻ പറഞ്ഞതു പോലെ, കൂടുതൽ പ്രവർത്തികൾ ആഫ്രിക്കയിലും ഇന്ത്യയിലുമാണ് നടന്നത്. 158 ൽ 102 പള്ളികൾ ആഫ്രിക്കയിൽ നിർമ്മിക്കുകയുണ്ടായി. 22 ഷെഡ്ഡുകൾ മസ്ജിദിനായി ഇന്ത്യയിൽ നിർമ്മിക്കുകയുണ്ടായി. ഷെഡ്ഡുകൾ ഉണ്ടാകുന്നത് നമ്മുടെ ഉടനടിയുള്ള ആവശ്യം നിറവേറ്റപ്പെടുന്നതിന് വേണ്ടിയാണ്. ആഫ്രിക്കയിൽ ഇപ്പോൾ 41 മസ്ജിദുകൾ നിർമ്മാണത്തിലാണ്. ഞാൻ പറഞ്ഞതുപോലെ മറ്റു നാടുകളിലും ഈ വർഷം മസ്ജിദുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. നിർമ്മാണം തുടർന്ന് കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ഇതേ പോലെ 121 മിഷൻ ഹൗസുകൾ നിർമ്മിക്കപ്പെട്ടു. ഇതിൽ 77 എണ്ണം ആഫ്രിക്കയിൽ അഞ്ചെണ്ണം ഇന്ത്യയിലുമാണ്. ഇന്ത്യ വിസ്തൃതമായ നാടാണ്. ആഫ്രിക്ക ഉപഭൂഖണ്ഡമാണ്. അവിടെയുള്ള ആറോ, ഏഴോ, എട്ടോ രാജ്യങ്ങളിൽ ജമാഅത്ത് കൂടുതലും വ്യാപിച്ചു കൊണ്ടിരിക്കുകയാണ്. വളരെ വേഗത്തിൽ അവിടെ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശത്തിന്റെ പ്രചാരണമാണ് നമ്മുടെ ജോലി. അങ്ങനെ ലോകത്ത് ഇസ്‌ലാമിന്റെ ശരിയായ അദ്ധ്യാപനങ്ങൾ അറിയാൻ കഴിയണം. നമ്മുടെ മുബല്ലിഗ്മാർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പ്രവർത്തികൾ ചെയ്യുന്നുണ്ട്. ഇതു കൂടാതെ വിവിധ രാജ്യങ്ങളിൽ ഞാൻ നടത്തി വരുന്ന സന്ദർശനങ്ങൾ മുഖേന ജമാഅത്തിന്റെ പ്രചാരണം നടക്കുന്നു. ഇസ്‌ലാമിന്റെ മനോഹര അധ്യാപനങ്ങൾ എന്താണെന്ന് ലോകത്തിന് മനസ്സിലാകാൻ തുടങ്ങുന്നു. ഈ പ്രചാരണത്തെ പിന്തുടർന്നുകൊണ്ട് മുബല്ലിഗ്മാർ പ്രവർത്തിക്കുന്നു. ചിലർ സ്ഥിരമായി പത്രങ്ങളിൽ കോളം എഴുതുന്നുണ്ട്. ചിലർ എന്റെ ഖുത്വ്ബയുടെ വെളിച്ചത്തിൽ പത്രങ്ങളിൽ കോളം എഴുതുന്നവരാണ്. ഈ സന്ദേശം ഈ രീതിയിലും ഈ വർഷം പ്രചരിക്കുകയുണ്ടായി. 2013 വർഷം ഇതിൽ വളരെ വർധനവുണ്ടായി. എന്റെ സന്ദർശനത്തെ കുറിച്ച് സന്ദർശനത്തിനുശേഷം നേരത്തെ ഞാൻ പറഞ്ഞിട്ടുള്ളതാണ്. കഴിഞ്ഞ വർഷം അമേരിക്കയിൽ എന്റെ സന്ദർശനം നടത്തിയപ്പോൾ മൊത്തം കണക്കനുസരിച്ച് 12 മില്യൻ ആളുകളിലേക്കാണ് സന്ദേശം എത്തിക്കാൻ കഴിഞ്ഞത്. കനഡ സന്ദർശന വേളയിൽ 8 മില്യൻ ആളുകൾക്ക് സന്ദേശം എത്തിച്ചു. ഈ രണ്ടു നാടുകളിലും ഏകദേശം 2 കോടി ആളുകളിലേക്കാണ് സന്ദേശം എത്തിക്കാൻ സാധിച്ചത്.

അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിക്കാനുള്ള പുതിയ വഴികൾ തുറന്നുകൊണ്ടിരിക്കുകയാണ്. സന്ദേശം എത്തിക്കാനുള്ള പുതിയ മാർഗങ്ങൾ എന്റെ സന്ദർശന ഫലമായി തുറക്കുകയുണ്ടായി. ആ മാർഗങ്ങളെ മുബല്ലിഗ്മാർ കൂടുതൽ വ്യാപിപ്പിച്ചുകൊണ്ടിരുന്നു. ആക്ടീവായിരിക്കുന്ന, ഈ കാര്യത്തിൽ താൽപര്യമുള്ള മബല്ലിഗ്മാർ ഇതിനെ മുന്നോട്ട് കൊണ്ടുപോകുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർക്ക് ഇതിൽ നല്ല വിജയവും ലഭിക്കുന്നുണ്ട്.

ജർമ്മനി സന്ദർശത്തിൽ മസ്ജിദുകളുടെ തറക്കല്ലിടൽ, ജൽസയിൽ പങ്കെടുക്കാൻ എന്നീ രണ്ട് സന്ദർശനങ്ങൾ കഴിഞ്ഞ വർഷം നടത്തിയിരുന്നു. അവിടെ പത്രങ്ങളും റേഡിയോ സ്റ്റേഷനും, ടി.വി സ്റ്റേഷനും എല്ലാം അതിന്റെ കവറേജ് നൽകുകയുണ്ടായി. ഇത് ജർമ്മനിയിൽ മാത്രം പരിമിതമായിരുന്നില്ല. ആസ്ട്രിയ, സ്വിറ്റ്സർലാന്റ് എന്നിവരുടെ സംയുക്ത ടി.വി. ചാനലും ഉണ്ടായിരുന്നു. ഇങ്ങനെ നോക്കുമ്പോൾ ജർമ്മൻ യാത്രയിൽ 4 മില്യൻ ആളുകൾക്ക് സന്ദേശം എത്തിക്കാൻ സാധിച്ചു.

സിങ്കപ്പൂർ, ആസ്ത്രേലിയ, ന്യൂസ്‌ലാന്റ്, ജപ്പാൻ തുടങ്ങിയ നാടുകൾ സന്ദർശിച്ചപ്പോഴും വളരെ വ്യാപകമായ രീതിയിൽ മീഡിയകൾ കവറേജ് നൽകുകയുണ്ടായി. ഞാൻ പറഞ്ഞിരുന്നത് മൂന്ന് കോടി ആളുകളിലേക്ക് സന്ദേശം എത്തുകയുണ്ടായി.

ഇതെല്ലാം അല്ലാഹുവിന്റെ ഫള്‌ലാണ്. മനുഷ്യപ്രയത്നം കൊണ്ട് ഇവയൊന്നും ഒരിക്കലും നടക്കില്ല. മനുഷ്യ പ്രയത്നത്തിന്റെ അവസ്ഥ നോക്കുക, ആസ്ത്രേലിയായിൽ നമ്മുടെ സെക്രട്ടറി ഖാരിജ, ഇദ്ദേഹത്തിന് പ്രസ്സ് മീഡിയയുമായി നല്ല ബന്ധമുണ്ടായിരുന്നു, അവിടത്തെ സ്റ്റേറ്റ് പത്രത്തിന്റെ പ്രതിനിധിയെ ഇന്റർവ്യൂവിനായി ക്ഷണിച്ചിരുന്നു. എന്നാൽ ഇന്റർവ്യൂവിന് നിശ്ചയിച്ച സമയത്ത് ഒഴിഞ്ഞുമാറുകയുണ്ടയി. എന്നാൽ അല്ലാഹു ഒരുക്കിയ സംവിധാനം നോക്കുക. അവിടത്തെ ദേശീയ പത്രത്തിന്റെ പ്രതിനിധിയുമായി നാം ബന്ധപ്പെടുകയുണ്ടായി. എന്റെ ആസ്ത്രേലിയൻ സന്ദർശനം പ്രതീക്ഷിച്ചിരിക്കുന്നതു പോലെയായിരുന്നു അദ്ദേഹം. പതിനഞ്ചു മിനിറ്റ് മുമ്പേ മാത്രമാണ് അദ്ദേഹത്തെ ഇന്റർവ്യൂവിന് ക്ഷണിച്ചത്. ഉടനടി അദ്ദേഹം എത്തിച്ചേരുകയുണ്ടായി. ഇത് അല്ലാഹു തന്റെ സഹായ ഹസ്തങ്ങൾ നമുക്ക് കാണിച്ചു തന്നു കൊണ്ടിരിക്കുകയാണ്. അല്ലായെങ്കിൽ ഇത്രയും കുറഞ്ഞ സമയത്തിനുള്ളിൽ ഒരാളെ ക്ഷണിച്ചാൽ വരികയും ഇന്റർവ്യൂ എടുക്കുകയും അതും ദേശീയ പത്രത്തിന്റെ പ്രതിനിധി തന്നെ വരികയും മാത്രമല്ല അത് ദേശീയ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുക എന്നതും അസാധ്യമാണ്.

ജർമ്മനിയുടെ ചരിത്രത്തിൽ ആദ്യമായാണ് ജമാഅത്തിനെ കുറിച്ചുള്ള വാർത്ത നാഷനൽ ടി.വി.യിൽ വന്നത്. ആസ്ത്രേലിയയിലെ നാഷനൽ, ഇന്റർനാഷനൽ ചാനലുകളിൽ വാർത്തകൾ വന്നു. 40 നാടുകളിൽ ഈ വാർത്ത വരികയുണ്ടായി. ന്യൂസിലാന്റിലെ നാഷനൽ ടി.വി.യിൽ വാർത്തകൾ വന്നു. അവരുടെ മോറി ഗോത്ര ടി.വി.യിൽ വാർത്ത വന്നു. ജപ്പാനിലെ ഒരു പത്രത്തിൽ സർക്കുലേഷൻ 2കോടിയാണ്. അവരും എന്റെ ഇന്റർവ്യൂ എടുക്കുകയുണ്ടായി. അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിനു ശേഷം അവിടത്തെ മിഷനറി ഇൻചാർജിന്റെ ഇന്റർവ്യൂ ചെയ്തു. വീണ്ടും വാർത്തകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇസ്‌ലാമുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിച്ചു. അവിടെ നിർമ്മിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ പ്രഥമ മസ്ജിദിനെ കുറിച്ചുള്ള വാർത്തകളും പ്രസിദ്ധീകരിക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ വിസ്തൃതമായ നല്ല ഒരു സ്ഥലമാണ് നമുക്കവിടെ ലഭിച്ചത്. അതിൽ ഒരു ഹാൾ നേരത്തെ ഉണ്ടാക്കിയതുണ്ട്. അത് ഖിബ്‌ലക്ക് അഭിമുഖമാണ് നിൽക്കുന്നത് എന്നത് യാദൃശ്ചികം മാത്രം. അതിനാൽ അതിനെ പൊളിച്ചു മാറ്റേണ്ട ആവശ്യം തന്നെയില്ല. ഈ മസ്ജിദ് നിർമ്മാണത്തൊടു കൂടി ജപ്പാനിലും ഇസ്‌ലാമിന്റെ സന്ദേശം അഹ്മദിയ്യത്ത് മുഖേന വ്യാപിച്ചുകൊണ്ടിരിക്കുകയാണ്.

ഞാൻ പറഞ്ഞതു പോലെ മസ്ജിദിന്റെയും സന്ദർശനം കാരണമായും പ്രചാരണം നടന്നു. ഇത് താൽകാലികമായ ഒരാവേശം മാത്രമല്ല. അതിനു ശേഷം മിഷനറിയുടെ ഇന്റർവ്യൂ അവരെടുക്കുകയും അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഏതായിരുന്നാലും അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹങ്ങളാണുള്ളത്. റേഡിയോ ടി.വി മുഖേന ലോകത്ത് എന്റെ സന്ദേശം എത്തുകയുണ്ടായി. ഇതേ പോലെ ഈ വർഷം 1,088 പത്രങ്ങൾ മുഖേന 16 കോടിയോളം ജനങ്ങളിലേക്ക് സന്ദേശം എത്തി. ഇതെല്ലാം അല്ലാഹുവിന്റെ പ്രത്യേകമായ ഫള്‌ലാണ്. അവൻ ഇത്രയും വ്യാപകമായ രീതിയിൽ അഹ്മദിയ്യത്തിന്റെ, ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുകയുണ്ടായി. ആഫ്രിക്കൻ നാടുകളിൽ നടന്നു വരുന്ന പ്രവർത്തനങ്ങൾ ഇതു കൂടാതെയുള്ളതാണ്. അവിടെയും വളരെ വ്യാപകമായ രീതിയിലാണ് കാര്യങ്ങൾ നടന്നുവരുന്നത്. മീഡിയ മുഖേന അവിടെ കോടിക്കണക്കിന് ആളുകളിലേക്ക് ഇസ്‌ലാമിന്റെ സന്ദേശം എത്തുകയുണ്ടായി. ഘാനയുടെ സർക്കാർ ടി.വി, ഘാന ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷൻ എന്ന പേരിൽ അറിയപ്പെടുന്നു. അതിൽ എം.ടി.എ യുടെ പ്രോഗ്രാമുകൾ നൽകാൻ തുടങ്ങിയിട്ടുണ്ട്. 2013 ൽ നടന്ന ജൽസയിലെ പ്രോഗ്രാമുകൾ അവർ കാണിച്ചു. ഈ പ്രോഗ്രാം സാറ്റലൈറ്റ് മുഖേന ഘാനയുടെ പ്രാന്ത പ്രദേശങ്ങളിലും എത്തുന്നുണ്ട്.

ചുരുക്കത്തിൽ അല്ലാഹു തആല അത്ഭുതകരമായ രീതിയിൽ യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കാനുള്ള മാർഗം തുറന്നു തരുന്നു. ഈ കഴിഞ്ഞ വർഷം പല റിസപ്ഷനുകളിലും ഞാൻ പങ്കെടുത്തിട്ടുണ്ട്. അതിൽ പങ്കെടുത്തവരും വളരെയധികം സ്വധീനിക്കപ്പെടുകയുണ്ടായി. വിദ്യാസമ്പന്നരും ശാസ്ത്രജ്ഞരും നയതന്ത്ര പ്രതിനിധികളും എല്ലാം അതിൽ ഉൾപ്പെട്ടിരുന്നു. അവരുടെ മുമ്പാകെ ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനം വിവരിച്ചപ്പോൾ അത് അവർക്ക് തികച്ചും നൂതനമായിരുന്നു. ഇസ്‌ലാമിന്റെ ഇവ്വിധ അധ്യാപനങ്ങൾ കേട്ട് അവർ ആശ്ചര്യപ്പെടുകയുണ്ടായി. ആയതിനാൽ അല്ലാഹുവിന്റെ ഏതെല്ലാം ഫള്‌ലുകളെയാണ് മനുഷ്യന് എണ്ണാൻ കഴിയുക. മുനാഫിഖ് പ്രകൃതമുള്ള ആളുകൾ പറയാറുള്ളത് ഇതെല്ലാം ഇന്ന വ്യക്തി കാരണമാണ് നടന്നത്, ഇതിൽ ഇത്രയധികം ചെലവ് ചെയ്തുകൊണ്ടാണ് നടന്നത് എന്നെല്ലാമാണ്. ഏതായിരുന്നാലും ജമാഅത്തിൽ ഇങ്ങനെ പറയുന്നവർ അല്പം ചിലർ മാത്രമാണുള്ളത്. ജമാഅത്തിന്റെ സന്ദേശം എത്തിക്കാൻ ഏതെങ്കിലും വ്യക്തിയുടെ ആവശ്യമില്ല. ഇത് അല്ലാഹുവിന്റെ ഫള്‌ലാണ്. ഇവർ അനാവശ്യമായി കുപ്രചാരണം നടത്തുന്നതുപോലുള്ള രീതിയിൽ ചെലവ് ചെയ്യുന്നുമില്ല. ജമാഅത്തംഗങ്ങൾ ഇത്തരം ആളുകളെ തൊട്ട് ജാഗരൂകരായിരിക്കേണ്ടതാണ്. ഈ മുനാഫിഖ് പ്രകൃതക്കാർ വളരെ ആകർഷകമായ രീതിയിലാണ് കാര്യങ്ങൾ അവതരിപ്പിക്കുന്നത്.

ഞാൻ പറഞ്ഞത് പോലെ ഇത്രയും വിശാലമായ രീതിയിൽ ഏതെങ്കിലും വ്യക്തികളുടെ പ്രയത്നഫലമായി സന്ദേശം എത്തുകയില്ല. ഇത് തികച്ചും അല്ലാഹുവിന്റെ ഫള്ൽ ഒന്നു മാത്രമാണ്. അല്ലാഹു ഉദ്ദേശിച്ചില്ലായിരുന്നെങ്കിൽ നാം എത്ര പണിപെട്ടാലും ഇതൊന്നും നടക്കുമായിരുന്നില്ല. ചില യാത്രകളിൽ ഞാൻ കണ്ടിട്ടുള്ളത് ചില ഉന്നത വ്യക്തികളെ കാണാനായി ചിലർ പറയാറുണ്ട്. അവരെ കാണാൻ പറയും. എന്നാൽ ചില കാരണങ്ങളാൽ അത് ഞാൻ നിഷേധിക്കാറുണ്ട് എന്നാൽ അങ്ങനെയുള്ളവർ കാണാൻ വേണ്ടി പിന്നീട് അപേക്ഷിക്കാറുണ്ട്. ഇതിന് ജമാഅത്ത് സാക്ഷിയാണ്. അതിനാൽ ഏതെങ്കിലും വ്യക്തിയെ സ്വാധീനിച്ചതുകൊണ്ടോ, ഏതെങ്കിലും വ്യക്തിയെ കണ്ടതുകൊണ്ടൊ മാത്രമേ ജമാഅത്തിന്റെ സന്ദേശം എത്തുകയുള്ളൂ എന്ന ചിന്ത വളരെ മോശമായ ചിന്തയാണ്. അല്ലാഹുവിന്റെ ഫള്ൽ ഒന്ന് മാത്രമാണിത്. അല്ലാഹു ഹ: മസീഹ് മൗഊദ് عليه السلام നോട് ചെയ്ത വാഗ്ദാനവും "ഞാൻ നിന്റെ സന്ദേശത്തെ ലോകത്തിന്റെ കോണുകളോളം എത്തിക്കും" എന്നതാണ്. ഏതെങ്കിലും വ്യക്തിയല്ല എത്തിക്കുന്നത്. അതിനാൽ ഓരോ അഹ്മദിയ്യും മനസ്സിലാക്കേണ്ട ഒരു കാര്യം ഏതെങ്കിലും ഭൗതിക നേതാവിനോട് നമുക്കൊന്നും നേടാനില്ല. അവരുടെ ആവശ്യവും നമുക്കില്ല. നാം പൂർണ്ണമായും ആശ്രയിക്കുന്നത് അല്ലാഹുവിന്റെ അസ്തിത്വത്തിലാണ്. അവനാണ് നമ്മുടെ യജമാനൻ, അവനാണ് നമ്മുടെ സഹായി. അവൻ ജമാഅത്തിന്റെ പുരോഗതിയുടെ അത്ഭുതകരമായ കാഴ്ചകൾ നമുക്ക് കാണിച്ചു തരുന്നു.

ആഫ്രിക്കയിൽ ഈ പുരോഗതി മുല്ലാക്കളെയും ചില നേതാക്കളെയും വളരെയധികം ബുദ്ധിമുട്ടിപ്പിക്കുന്നുണ്ട്. അല്ലാഹുവിന്റെയും റസൂൽ ﷺ ന്റെയും പതാകക്കു കീഴെ ലോകം ഒരുമിച്ചുകൂട്ടുന്നുണ്ടല്ലോ എന്നതിൽ അവർക്ക് സന്തോഷമില്ല. അവർക്കാകെയുള്ള പ്രയാസം അഹ്മദിയ്യാ ജമാഅത്ത് മുഖേന ഇവർ യഥാർത്ഥ ഇസ്‌ലാം സ്വീകരിക്കുന്നു എന്നതിലാണ്. കഴിഞ്ഞ ദിവസങ്ങളിൽ ആഫ്രിക്കയിൽ നമുക്കെതിരിൽ പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. അവർ പറയുന്നത് അഹ്മദിയ്യാ ജമാഅത്ത് മുഖേന എന്തുകൊണ്ട് ഇസ്‌ലാം പ്രചരിക്കുന്നു? ഞങ്ങൾ പ്രചരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഇസ്‌ലാം കാഠിന്യത്തിന്റെയും ഭീകരവാദത്തിന്റെയും ഇസ്‌ലാമാണ്. എന്നാൽ ജമാഅത്ത് പ്രവർത്തനം മുഖേന ജനങ്ങൾ ഞങ്ങളുടെ ഇസ്‌ലാമിൽ നിന്നും അകന്ന് ഫിത്നകളിൽ നിന്നും കുഴപ്പങ്ങളിൽ നിന്നും അകന്നു ജീവിക്കുന്നു. അവരുടേതായ ജിഹാദിൽ നിന്നും ജനങ്ങൾ ഇതു മുഖേന അകന്നു പോകുന്നു. ഈ കാര്യങ്ങളാണ് മുല്ലാക്കളെയും ഭൗതിക നേതാക്കളെയും വിറളി കൊള്ളിപ്പിക്കുന്നത്.

ടോഗോയിലെ ഒരു മുബല്ലിഗ് എഴുതുന്നു. ആയാഗുപ്പേ എന്ന ഒരു സ്ഥലമുണ്ടവിടെ. അവിടെ സന്ദർശനത്തിനായി പോയതായിരുന്നു. അവിടെയുള്ള നവഅഹ്മദി പറയുകയുണ്ടായി. "കുറച്ച് ദിവസം മുമ്പ് മുസ്‌ലീംകളുടെ ഒരു ഗ്രൂപ്പ് ഇവിടെ വന്നിരുന്നു. ഞങ്ങൾക്ക് ഭക്ഷണത്തിനുള്ള സാധനങ്ങൾ നൽകി. എന്നിട്ട് പറഞ്ഞു, ഇസ്‌ലാം സ്വീകരിക്കാനായി നിങ്ങളെ ഞങ്ങൾ ക്ഷണിക്കുന്നു. ഞങ്ങൾ പറഞ്ഞു, നിങ്ങൾ ഞങ്ങളെ ക്ഷണിക്കുകയാണോ അതോ അത്യാഗ്രഹം നൽകുകയാണോ? സാധനങ്ങൾ നൽകി ഇസ്‌ലാം സ്വീകരിക്കണമെന്നാണോ നിങ്ങൾ പറയുന്നത്? ഞങ്ങൾ ഒരിക്കലും അങ്ങനെ ചെയ്യില്ല. കാരണം ഞങ്ങളുടെ പക്കൽ അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾ വന്നിരുന്നു. അവർ ഇസ്‌ലാമിനെ കുറിച്ച് പഠിപ്പിച്ചു. അതുകാരണം ഞങ്ങൾ ഇസ്‌ലാം സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. അവർ ഒരു അത്യാഗ്രഹവും ഞങ്ങൾക്ക് നൽകിയിട്ടില്ല. ഈ മനോഹര അധ്യാപനം അവർ ഞങ്ങളെ പഠിപ്പിച്ചു കൊണ്ടിരിക്കുകയാണ്. കുട്ടികൾക്ക് നമസ്കാരം പഠിപ്പിച്ചുകൊടുക്കുന്നു. വിശുദ്ധ ഖുർആൻ ഓതാൻ പഠിപ്പിക്കുന്നു. അതിനാൽ നിങ്ങളിൽ നിന്ന് ഞങ്ങളിത് വാങ്ങില്ല. ഇതെല്ലാം തിരിച്ച് കൊണ്ട് പോകുക. നിങ്ങൾ സമർപ്പിക്കുന്ന ഇസ്‌ലാം സ്വീകരിക്കാൻ ഞങ്ങൾ തയ്യാറല്ല. നബി ﷺ കൊണ്ടുവന്ന ഇസ്‌ലാമാണ് ഞങ്ങൾ സ്വീകരിക്കുക. അതിനെയാണ് അഹ്മദിയ്യാ ജമാഅത്ത് ഇന്ന് പ്രചരിപ്പിക്കുന്നത്." അതിനു ശേഷം അവരുടെ വിശ്വാസവും വർദ്ധിച്ചിട്ടുണ്ട്. ആ നവഅഹ്മദി അവിടെ ഒരു മസ്ജിദും നിർമ്മിച്ചിട്ടുണ്ട്.

നൈജറിലെ മുബല്ലിഗ് എഴുതുന്നു. ബർണികോനിയിലെ ബൊണോറൊ എന്ന ഗ്രാമത്തിൽ തബ്‌ലീഗ് ചെയ്തപ്പോൾ ആ ഗ്രാമം ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. ഉടനെ കുട്ടികൾക്കായി യസ്സർനൽ ഖുർആൻ ക്ലാസ് തുടങ്ങി. ഇമാമിനുള്ള റിഫ്രഷർ കോഴ്സും തുടങ്ങി. തർബിയ്യത്ത് പ്രോഗ്രാം ഉണ്ടാക്കി. ഈ കാര്യങ്ങൾ അവിടെയുള്ള വഹാബി മൗലവിയുടെ അടുത്തെത്തിയപ്പോൾ ഉടനെ അയാൾ മൗലവിമാരുടെ ഒരു സംഘവുമായി വന്ന് 'ഇവർ കാഫിറാണ്, ജമാഅത്തിനെ തള്ളിക്കളയുക, നിങ്ങൾക്ക് ഞങ്ങൾ പള്ളിയുണ്ടാക്കിത്തരാം' എന്നെല്ലാം പറഞ്ഞ് പ്രസംഗിക്കാൻ തുടങ്ങി. ഗ്രാമത്തിലെ ചീഫ് അവരോട് പറഞ്ഞു. ഞാൻ ജന്മനാ മുസ്‌ലിമാണ്. എന്റെ പ്രായത്തിന്റെ

അവസാനത്തിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. ഞാൻ എന്റെ ജീവിതത്തിൽ എന്റെ ഗ്രാമത്തിലെ പെൺകുട്ടികളെ വിശുദ്ധ ഖുർആൻ ഓതുന്നതായും ഇസ്‌ലാമിക കാര്യങ്ങൾ പറയുന്നതായും ഇതു വരെ കണ്ടിട്ടില്ല. എന്നാൽ അഹ്‌മദിയ്യാ ജമാഅത്തിന്റെ ബർക്കത്ത് നോക്കുക. ചെറിയ കുട്ടികൾ പ്രാർത്ഥനയും ഹദീസും എല്ലാം എനിക്ക് കേൾപ്പിച്ച് തരുന്നു. അതിനാൽ ആദ്യമാണ് നിങ്ങൾ ഇവിടെ വന്നത്. അതുകൊണ്ട് ഞാൻ ക്ഷമിക്കുക യാണ്. ഇനിയെങ്കിലും ഇങ്ങോട്ട് വന്നാൽ ഈ ഗ്രാമത്തിലെ പിള്ളേർ നിങ്ങളെ അടിച്ചോടിക്കുന്നതാണ്. മൗലവിമാർ ഇത് കേട്ട ഉടനെ വണ്ടിയിൽ ഇരുന്ന് അവിടെ നിന്നും തടിതപ്പി. (അവർ ഭീരുക്കളുമായിരുന്നു)

ബുർകിനോഫാസുവിലെ മുബല്ലിഗ് സാഹിബ് എഴുതുന്നു. ബൻഫോറോ റീജനിലെ ഒരു ജമാഅത്തിന് മിയാൻകാര. ആ ഗ്രാമത്തിലുള്ള 210 ആളുകൾ ഈ വർഷം ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. ഇവിടെയുള്ള രണ്ട് കുടുംബങ്ങൾ അൻസാറെ ദീൻ എന്ന സംഘടനയുമായി ബന്ധപ്പെട്ടവരായിരുന്നു. ആ സംഘടനയി ലുള്ളവർ വ്യക്തിപരമായി ഇവരെ കണ്ട് പിന്തിരിപ്പിക്കാൻ ശ്രമിച്ചു. ജമാഅത്ത് വിട്ട് അൻസാറെ ദീൻ എന്ന സംഘടനയിൽ ചേരാനായി നിർബന്ധിച്ചു. എന്നാൽ അഹ്‌മദികൾ അവരുടെ കാര്യങ്ങൾക്ക് ചെവി കൊടുത്തില്ല. ജമാഅത്ത് വിടാൻ ഞങ്ങളിൽ വലിയ സമ്മർദ്ധമാണ് ചെലുത്തുന്നതെന്നും അവർ പറഞ്ഞു. അവർ പറയുന്നു, അഹ്‌മദിയ്യത്തിന്റെ അദ്ധ്യാപനവും ശിക്ഷണവും ഞങ്ങൾക്ക് തൃപ്തി നൽകിയ കാരണത്താൽ അഹ്‌മദിയ്യത്ത് വിട്ട് വീണ്ടും അന്ധകാരത്തിൽ ആപതിക്കാൻ ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല. അവരിപ്പോൾ കൃത്യമായി ചന്ദയും നൽകുന്നുണ്ട്.

ഇതേ പോലെ ബനിനിലെ ജാറൂമൈത എന്ന ഒരു ചെറിയ ജമാഅത്തുണ്ട്. കരീം എന്ന വ്യക്തി ബൈഅത്ത് ചെയ്തതിനു ശേഷം മൂന്ന് മാസം കഴിഞ്ഞപ്പോൾ മുല്ലാക്കളുടെ പിടിയിൽ പെട്ട് ജമാഅത്തിന്റെ എതിരാളിയായി മാറി. നമ്മുടെ മുഅല്ലിം അമീർ സാഹിബിനോട് പറഞ്ഞു. ഈ വ്യക്തി ജമാഅത്തിനെതിരിൽ അതി കഠിനമായി ചീത്ത വിളിക്കുക യുണ്ടായി. ഞാൻ അദ്ദേഹത്തോട് പറഞ്ഞു, വിഷമിക്കേണ്ട ഒരാൾ മുർത്ത ദായാൽ ഒരു ജമാഅത്തിനെ അല്ലാഹു നൽകും എന്നത് അവന്റെ വാഗ്ദാന മാണ്. പറയുന്നു, അമീർ സാഹിബും മുഅല്ലിം സാഹിബും അകുനോപ്പെ എന്ന ഗ്രാമത്തിലുള്ള ചീഫിനെ തബ്‌ലീഗ് ചെയ്യാനായി പോയി. അല്ലാഹു വിന്റെ അനുഗ്രഹത്താൽ അദ്ദേഹം അഹ്‌മദിയായി. വാഗാവോ എന്ന മറ്റൊരു സ്ഥലത്തെ രണ്ടാളുകളും അവിടെ ഉണ്ടായിരുന്നു. അവർ പറഞ്ഞു, നിങ്ങൾ ഞങ്ങളുടെ ഗ്രാമത്തിലും കൂടി വന്നാലും. അവിടെ വന്ന് തബ്‌ലീഗ് ചെയ്താലും. മഗ്‌രിബ് നമസ്കാരം അവരുടെ ഗ്രാമത്തിൽ നമസ്ക്കരിച്ചു. തബ്‌ലീഗ് ചെയ്തു. 32 ആളുകൾ അഹ്‌മദിയ്യത്ത് സ്വീകരിച്ചു. ഇങ്ങനെ പുതിയൊരു ജമാഅത്ത് ഗ്രാമത്തിൽ സ്ഥാപിക്കുകയുണ്ടായി. ചീത്ത പറഞ്ഞിരുന്ന വ്യക്തി ഏതോ കേസിൽ അകപ്പെടുകയും പോലീസ് അയാളെ പിടികൂടാൻ അന്വേഷിക്കുകയും ചെയ്ത കാരണത്താൽ ആ ഗ്രാമം വിട്ട് അയാൾക്ക് പോകേണ്ടി വരികയും ചെയ്തു.

നൈജീരിയയിലെ മുബല്ലിഗ് ഇൻചാർജ് എഴുതുന്നു, കാമറൂണിലെ പ്രദേശമായ ഫോംബാനി തീവ്ര മുസ്‌ലിംകളുള്ള പ്രദേശമാണ്. അവിടെ ആദ്യമായി ഖിലാഫത്ത് ജൽസ സംഘടിപ്പിക്കുകയുണ്ടായി. എല്ലാ വർഷ ത്തെപ്പോലെ ഈ വർഷവും കാമറൂണിൽ പാക്കിസ്ഥാനിൽ നിന്ന് വരുന്നവർ അഹ്‌മദിയ്യത്തിനെ എതിർക്കാൻ ലക്ഷ്യമിട്ടു. ജൽസ യൗമെ ഖിലാഫത്ത് സംഘടിപ്പിക്കുന്ന വാർത്ത ടി.വി യിലും റേഡിയോയിലും വരുന്നുണ്ടായിരുന്നു. അങ്ങനെ ഇവരിൽ ഈ വാർത്ത എത്തി. തബ്‌ലീഗ് ജമാഅത്തിൽ ഉൾപ്പെട്ട 24 അംഗങ്ങളുള്ള ഒരു സംഘം, അതിൽ പത്തു പേർ കീനിയ വഴിയും 15 പേർ കാമറൂൺ, ചാരട്ട് എന്നതിന്റെ അതിർത്തിയിലൂടെയും അവിടെ വന്നു. ആ ഗ്രാമത്തിൽ ശക്തമായ ജമാഅത്ത് നിലവിലുണ്ട്. ആ ഗ്രാമത്തിലെ ചീഫും ഇമാമും അവരുടെ കീഴിലുള്ള ഇമാമുകളും അവരുടെ സ്വാധീനത്തിലുള്ള മുഫ്തികളും കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഇസ്‌ലാം സ്വീകരിച്ചിരുന്നു. ഈ വരുന്ന ഗ്രൂപ്പ് നമ്മുടെ മുഅല്ലിമുമായി ബന്ധപ്പെട്ടു. ഈ മുഅല്ലിം മുഖേനയാണ് ഇവിടെ ജമാഅത്ത് രൂപീകരിക്കപ്പെട്ടിരുന്നത്. തബ്‌ലീഗ് ജമാഅത്ത് സംഘം ആ മുഅല്ലിമിനെ ക്കുറിച്ച് അന്വേഷിച്ചു. മുഅല്ലിം സാഹിബിന്റെ ഭാര്യ അവരോട് പറഞ്ഞു, മുഅല്ലിം സഹിബ് പട്ടണത്തിന് വെളിയിലാണ്. അങ്ങനെ അവർ ആ പട്ടണത്തിലെ സെന്റർ മസ്ജിദിൽ എത്തി. ഇത് വലിയ മസ്ജിദാണ്. ജമാഅത്തിന്റെ മസ്ജിദാണ്. ഇവർ വന്നുകൊണ്ട് അവിടെയുള്ള ചീഫ് മുഅല്ലിമിനോട് പറഞ്ഞു, ഞങ്ങൾ ഇവിടെ തബ്‌ലീഗ് ചെയ്യാൻ ആഗ്രഹി ക്കുന്നു. നിങ്ങളുടെ മുമ്പാകെ അഹ്‌മദിയ്യാ ജമാഅത്തിന്റെ ശരിയായ ചിത്രം വിവരിക്കുകയാണ് ഉദ്ദേശ്യം. അപ്പോൾ അവിടെയുള്ള നമ്മുടെ ചീഫ് ഇമാം പറഞ്ഞു, അഹ്‌മദിയ്യാ ജമാഅത്തിനെതിരെയാണ് നിങ്ങൾ സംസാരിക്കാൻ പോകുന്നതെങ്കിൽ ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ ഇപ്പോൾ നിൽക്കുന്ന ഈ പള്ളിയുണ്ടല്ലോ, ഇതും അഹ്‌മദിയ്യാ ജമാഅത്തിന്റെ മസ്ജിദാണ്. ഞങ്ങളെല്ലാവരും അല്ലാഹുവിന്റെ ഫള്‌ലിനാൽ അഹ്‌മദീ മുസ്‌ലീംകളാണ്. അതിനാൽ താങ്കൾ ഉദ്ദേശിച്ചതുപോലെ ചെയ്യാനുള്ള അനുവാദം താങ്കൾക്കില്ല. നിങ്ങൾക്കെല്ലാവർക്കും ഇവിടെ നിന്ന് പോകാവുന്നതാണ്. ഏതായിരുന്നാലും പോലിസിനെയും ഇതറി യിച്ചു. അങ്ങനെ അവരെ ആ പട്ടണത്തിൽ നിന്ന് പുറത്താക്കുകയുണ്ടായി.

ഇതേ പോലെ ഇക്കാലത്ത് സൗത്ത് ആഫ്രിക്കയിൽ പാക്കിസ്ഥാനി മൗലവിമാർ സമ്മേളിച്ചിരിക്കുകയാണ്. പാക്കിസ്ഥാനിൽ നിന്ന് 20 മൗലവി മാരുടെ ഒരു ഗ്രൂപ്പും ഇന്ത്യയിലെ ഡൽഹിയിൽ നിന്ന് ഒരു ഗ്രൂപ്പ് ഉണ്ട്, സഊദി അറേബ്യയിൽ നിന്നും വന്നിട്ടുണ്ട്. അവിടത്തെ പ്രദേശവാസി കളുമുണ്ട്. അവർ മുസ്‌ലിം ജുഡീഷ്യൽ കൗൺസിലിന്റെ കീഴിൽ ജമാഅത്തിനെ എതിർക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയാണ്.

സെറലിയേനിൽ പാക്കിസ്ഥാനി മുല്ലമാരും മിസ്റിൽ നിന്ന് അൽ അസ്ഹർ യൂനിവേഴ്സിറ്റിയിൽ പഠിച്ച മുല്ലാക്കളും സെറിയോനിൽ നിന്ന് സഊദി അറേബ്യയിൽ പോയി പഠിച്ചു കൊണ്ടിരിക്കുന്ന നൂറുക്കണക്കിന് ആളുകളെയും ഇവിടെ എത്തിക്കുകയുണ്ടായി. പറയുന്നു, ഓരോ ഫ്ളൈറ്റിലും  കുറേ ആളുകൾ എത്തുന്നുണ്ട്. പട്ടണത്തിലും ഗ്രാമത്തിലും പോയി ജമാഅത്തിനെതിരിലും ശിയാക്കൾക്കെതിരിലും ജനങ്ങളെ ഇളക്കി വിടുകയാണ്. തബ്‌ലീഗ് ചെയ്യുന്നതിന് പകരം ഫിത്നകളും കുഴപ്പങ്ങളുമാണ് ഉണ്ടാക്കുന്നത്.

ഇപ്പോൾ ഇവർ ഒരു ആഫ്രിക്കൻ അറബ് സമ്മിറ്റ് പദ്ധതി തുടങ്ങുമെന്ന് പറയുന്നു, അതിൽ ആഫ്രിക്കക്ക് ഒരു വലിയ തുക നൽകുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. സെറലിയോണിന്റെ പുരോഗതിക്കായി ഇത് വിനിയോഗി ക്കും എന്നാണ് പറയുന്നത്. സ്കൂളുകളും മറ്റും തുറക്കുന്നതാണ്. ഇവ യെല്ലാം അവിടെ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതുമതും ഉണ്ടാക്കിത്തരും എന്നവർ പറയും. എന്നാൽ മുമ്പു ചെയ്തതുപോലെ തന്നെ ഇതും വെറുംവാക്കായിരിക്കും. മുമ്പും പലവട്ടം ഇങ്ങനെ നടന്നിട്ടുള്ളതാണ്. പണം നൽകും എന്ന് പറയും. എന്നാൽ സഹായം വരില്ല. അതല്ലെങ്കിൽ വന്നാൽ പരസ്പരം തിന്ന് മുടിക്കും. اِنْ شَآءَ اللّٰہ ഇതു തന്നെയായിരിക്കും ഇതിന്റെയും പര്യവസാനം.

ഏതായിരുന്നാലും ജമാഅത്ത് വിജയിക്കുന്നതനുസരിച്ച് കൊണ്ട്, അല്ലാഹുവിന്റെ ഫള്‌ൽ ഇറങ്ങുന്നതനുസരിച്ച്, ഈ എതിർപ്പും ശക്തി പ്രാപിച്ചുവരികയാണ്. ഇത് ശക്തി പ്രാപിക്കുന്നതാണ്. അത് നമുക്ക് പ്രശ്നമില്ല, അത് പ്രശ്നമാകുകയും ചെയ്യരുത്. ഇവരുടെ വിധിയിൽ അവസാനം നിന്ദ്യതയും പരാജയവും മാത്രമാണ് എഴുതിവെച്ചിരിക്കുന്നത്. എന്നാൽ നാം ആലോചിക്കേണ്ടത് ഭാവിയിൽ അല്ലാഹുവിന്റെ ഫള്‌ലിനെ സ്വരുക്കൂട്ടാനായി, ഈ എതിർപ്പുകളെ നേരിടാനായി നമ്മുടെ വിശ്വാസത്തെ മുമ്പത്തേക്കാളുപരി ശക്തിപ്പെടുത്തേണ്ടതാണ്.

മുമ്പത്തേക്കാളുപരി ഹ: മസീഹ് മൗഊദ് عليه السلام ന്റെ പ്രവർത്തനത്തെ പൂർത്തിയാക്കാനായി ശ്രമിക്കുക. മുമ്പത്തെക്കാളുപരി ദുആയിൽ ശ്രദ്ധിക്കുക. ദുആകൊണ്ട് ഈ വർഷത്തെ നിറക്കുക. സ്വലാത്തിലും പാപമോചനത്തിലും കൂടുതലായി ശ്രദ്ധിക്കുക. *അങ്ങനെ അല്ലാഹു എപ്പോഴും നമ്മിൽ കാരുണ്യദൃഷ്ടി പതിപ്പിച്ചുകൊണ്ട് തന്റെ ഫള്‌ലിനെ നമ്മിൽ വ്യാപകമാക്കി ഇറക്കുമാറാകട്ടെ. ശത്രുക്കളുടെ കുതന്ത്രങ്ങളെ അവരിലേക്ക് തന്നെ തിരിച്ചു വിടട്ടെ. എല്ലാ എതിരാളികളെയും എതിർപ്പിനേയും കാറ്റിൽ പറത്തട്ടെ. അല്ലാഹുവിന്റെ ഫള്ൽ മുമ്പത്തേക്കാളുപരി നമ്മിൽ വർഷിക്കട്ടെ.*

ഹ: മസീഹ് മൗഊദ് عليه السلام പറയുന്നു, "ദുആയിൽ അല്ലാഹു വലിയ ശക്തികളാണ് വെച്ചിരിക്കുന്നത്. ദുആ മുഖേന മാത്രമേ എന്തും നേടാൻ സാധികുകയുള്ളൂ എന്നാണ് അല്ലാഹു എന്നെ ഇൽഹാമിലൂടെ പലവുരു അറിയിച്ചിട്ടുള്ളത്. നമ്മുടെ ആയുധം ദുആ ഒന്ന് മാത്രമാണ്. മറ്റൊരു ആയുധവും എന്റെ പക്കലില്ല." അതുകൊണ്ട് ഈ ആയുധമാണ് നാമും ഉപയോഗിക്കേണ്ടത്. *നമുക്ക് നല്ല രീതിയിൽ ഇത് ഉപയോഗിക്കാൻ അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ.*

**വഖ്ഫ് ജദീദ് പുതുവർഷ പ്രഖ്യാപനം**

ഇന്ന് ജനുവരിയിലെ ആദ്യത്തെ ജുമുഅയാണ്. നമ്മുടെ പൊതുരീതിയനുസരിച്ച് ഈ വെള്ളിയാഴ്ച്ചയാണ് വഖ്ഫെ ജദീദിന്റെ പുതുവർഷ പ്രഖ്യാപനം നടക്കാറുള്ളത്. അതോടൊപ്പം കഴിഞ്ഞ വർഷം വഖ്ഫെ ജദീദ് മുഖേന അല്ലാഹു നൽകിയ ഫള്ലുകളെ കുറിച്ചും പരാമർശിക്കാറുണ്ട്. ചിലത് ഞാൻ പറഞ്ഞു കഴിഞ്ഞു. വഖ്ഫെ ജദീദിന്റെ ചന്ദയുടെ വലിയൊരു ഭാഗം ആഫ്രിക്കയിലാണ് ചെലവഴിച്ചു വരുന്നത്. തബ്‌ലീഗിൽ മുന്നേറാനും മസ്ജിദുകൾ നിർമ്മിക്കാനുമെല്ലാം ഈ ചന്ദ പ്രയോജനപ്പെടുന്നു എന്നത് അല്ലാഹുവിന്റെ ഫള്‌ലാണ്. ഇതു സംബന്ധമായി ചില കാര്യങ്ങൾ കൂടി ഞാൻ പറയുന്നതാണ്.

നമുക്കറിയാവുന്നത്പോലെ വഖ്ഫെജദീദ് എന്ന പദ്ധതി ആദ്യം പാക്കിസ്ഥാനിൽ മാത്രമാണുണ്ടായിരുന്നത്. ആഫ്രിക്കയിലും ഭാരതത്തിലും ജമാഅത്ത് പ്രവർത്തനത്തെ ത്വരിതപ്പെടുത്താനായി നാലാം ഖിലാഫത്തിൽ ഖലീഫത്തുൽ മസീഹ് നാലാമൻ പാക്കിസ്ഥാന് പുറത്തും ഈ പദ്ധതി വ്യാപിപ്പിക്കുകയുണ്ടായി. ഞാൻ പറഞ്ഞതുപോലെ കഴിഞ്ഞ ഒരു വർഷത്തിൽ ആഫ്രിക്കയിലും ഇന്ത്യയിലും മസ്ജിദുകളും മിഷൻ ഹൗസുകളും നിർമ്മിക്കുകയുണ്ടായി. ചിലത് വാങ്ങിയിട്ടുണ്ട്. ഇതു കൂടാതെ തബ്‌ലീഗ് പ്രവർത്തനങ്ങളുണ്ട്. ഇവ മുഖേന ലക്ഷക്കണക്കിന് സദ്പ്രകൃതർക്ക് അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം സ്വീകരിക്കാനുള്ള തൗഫീഖ് ലഭിച്ചുകൊണ്ടിരിക്കുന്നു. ഈ നാട്ടിൽ താമസിക്കുന്ന അഹ്മദികളും അവരുടെ കഴിവനുസരിച്ച് അനിതരസാധാരണമായ രീതിയിൽ സാമ്പത്തിക ത്യാഗങ്ങൾ ചെയ്യുന്നുണ്ട്. എന്നാൽ അവരുടെ ദാരിദ്ര്യം കാരണമായി അവരുടെ എല്ലാ ചെലവുകളും വഹിക്കാൻ കഴിയും വിധം അവർക്ക് ചെലവഴിക്കാൻ കഴിയില്ല. അതിനാൽ സമ്പന്ന നാട്ടിലെ വഖ്ഫെ ജദീദ് ചന്ദ പ്രത്യേകിച്ച് ആഫ്രിക്കയിലും, ഇന്ത്യയിലുമാണ് ചെലവഴിക്കപ്പെടുന്നത്. ഞാൻ പറഞ്ഞത് പോലെ ഒരു പ്രത്യേക ആവേശത്തോടെ ഈ നാട്ടിലുള്ളവരും ചന്ദ നൽകുന്നുണ്ട്.

നമ്മുടെ ഗിനി കുനാക്കൊറിയിലെ മുബല്ലിഗ് എഴുതുന്നു. ഒരു അഹ്മദി യുവാവ് മുഹമ്മദ് സാഖൂ പറയുന്നു: ''എന്റെ വിവാഹ തിയ്യതി ഉറപ്പിച്ചു കഴിഞ്ഞിരുന്നു. കല്യാണത്തിനുള്ള ഒരുക്കങ്ങൾ നടത്താനുള്ളത്ര പണം എന്റെ കൈവശം ഉണ്ടായിരുന്നില്ല. പണം ലഭിക്കുമെന്ന് പ്രതീക്ഷിച്ച സ്ഥലത്ത് നിന്ന് നിരാശ മാത്രമാണ് ഉണ്ടായിരുന്നത്. ഈ അവസരത്തിൽ ചന്ദ ആവശ്യപ്പെടുകയുണ്ടായി. വീട്ടിൽ ഉണ്ടായിരുന്ന പൈസ എടുത്ത് ചന്ദയായി നൽകി. അപ്പോൾ അദ്ദേഹത്തിന്റെ വിവാഹം ഉറപ്പിച്ച ആൾ പറഞ്ഞു: ''വീട്ടിൽ ഉണ്ടായിരുന്ന പണവും എടുത്ത് കൊടുത്തുവോ! ഇനി എന്ത് ചെയ്യും.'' അപ്പോൾ ഞാൻ പറഞ്ഞു: ''അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ ഒരു വിശ്വാസിയാണ്. അല്ലാഹുവിൽ എനിക്ക് അടിയുറച്ച വിശ്വാസമുണ്ട്. അതുകൊണ്ട് ഭയപ്പെടേണ്ട, അല്ലാഹു നമ്മെ സഹായിക്കും. അല്ലാഹുവിന്റെ മാർഗത്തിൽ നൽകപ്പെട്ടത് പാഴായിപ്പോകില്ല.'' അദ്ദേഹം അടുത്ത ദിവസം ജോലിക്ക് പോയപ്പോൾ ഇതുവരെ തടയപ്പെട്ടിരുന്ന പൈസ മൊത്തം അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. വൈകുന്നേരം വീട്ടിൽ വന്ന് ഈ പണമെല്ലാം കൊടുത്തപ്പോൾ ജനങ്ങൾ അത്ഭുതപ്പെട്ടുപോയി. അല്ലാഹു എത്ര പെട്ടെന്നാണ് അനുഗ്രഹം ചൊരിഞ്ഞത്.

ഇനി മറ്റൊരു സംഭവം. ത്യാഗത്തിന്റെ ഏതെല്ലാം മാർഗങ്ങളാണ് ഇവർ സ്വീകരിക്കുന്നതെന്ന് ഇതിൽ നിന്നും മനസ്സിലാകുന്നതാണ്. ബെനിനിൽ നിന്നും നമ്മുടെ മുബല്ലിഗ് സാഹിബ് എഴുതുന്നു. വർഷാരംഭത്തിൽ കോത്തോനോവു റീജനിലെ അറ്റ്‌ലാന്റിക് പ്രദേശത്ത് ശക്തമായ മഴ വർഷിച്ചു. അതു കാരണം കൃഷി പൂർണ്ണമായും നശിച്ചു. കൊടിയ ക്ഷാമം നേരിട്ടു. എല്ലാം മുങ്ങിപ്പോയി. ചന്ദ നൽകാൻ പോകട്ടെ ഭക്ഷണത്തിന് പോലും ഒന്നും ഇല്ലാത്ത സ്ഥിതിയായി. ഈ അവസ്ഥ മാറുന്നതിനായി അദ്ദേഹം എനിക്കും കത്തയച്ചിരുന്നു. അവിടെയുള്ള ഒരു ജമാഅത്ത് തീരുമാനം എടുക്കുകയുണ്ടായി. നമ്മുടെ ഗ്രാമീണ ജമാഅത്തംഗങ്ങളുടെ വിളവ് നശിച്ച് പോയിട്ടുണ്ടെങ്കിൽ അവർക്ക് ചന്ദ നൽകാൻ കഴിയില്ല. കാരണം അതിൽ നിന്നാണ് ചന്ദ നൽകിയിരുന്നത്. അതിനാൽ ഈ പ്രാവശ്യം നാം കൃഷിയിറക്കുമ്പോൾ ഒരു ഭാഗം കൃഷി ജമാഅത്തിനുള്ള കൃഷിയായിരിക്കും. അത് പൂർണ്ണമായും ചന്ദക്കായി നീക്കിവെക്കുന്നതാണ്. അതിനു ശേഷം അവർ കൃഷിയിറക്കി, അല്ലാഹു അതിൽ വളരെയധികം ബർക്കത്ത് ഇട്ടു. അവരുടെ ചന്ദ മുഴുവൻ നൽകി. 11,800 ഫ്രാങ്ക് അതിൽനിന്നും വരുമാനം ലഭിച്ചു. അതെല്ലാം ചന്ദയായി നൽകി.

ഇതേ പോലെ ഗാമ്പിയയിലെ ഒരു സ്ത്രീയെ കുറിച്ച് മുബല്ലിഗ് പറയുന്നു, 'അവരുടെ വീട്ടിൽ ചന്ദ പിരിക്കാൻ പോയപ്പോൾ ഓരോ പ്രാവശ്യവും വീട്ടിനകത്തു പോയി തന്റെ ഓരോ മക്കളുടെയും പേരിൽ ചന്ദ നൽകിക്കൊണ്ടിരുന്നു. ഇത് കണ്ട് കുട്ടികൾ തങ്ങളുടെ കൈവശമുണ്ടായിരുന്ന തുച്ഛമായ തുകയും ചന്ദയിൽ നൽകി. എന്നിട്ടവർ പറഞ്ഞത് ''ഞങ്ങളെന്തിനാ പ്രതിഫലത്തിൽ നിന്നും പിന്നോട്ട് മാറുന്നത്.'' കുട്ടികളുടെ മനസ്സിലും ചന്ദയുടെ പ്രാധാന്യം അല്ലാഹു ഇട്ടു കൊടുക്കുന്നു.

ഗാമ്പിയയിലെ ഒരു നവ അഹ്മദി വനിത അവർ വസ്ത്രം അലക്കാനുള്ള സോപ്പ് വാങ്ങാൻ പോവുകയായിരുന്നു. വഴിയിൽ വെച്ച് അവർക്ക് അറിയാൻ കഴിഞ്ഞത് ചന്ദയെ കുറിച്ച് വിളംബരം വന്നിട്ടുണ്ടെന്നും എത്ര കുറവാണെങ്കിലും എല്ലാവരും അതിൽ പങ്കാളികളാകണമെന്നും പറയപ്പെട്ടിട്ടുണ്ടെന്നുമാണ്. അപ്പോൾ അവർ കൈവശമുണ്ടായിരുന്ന പണം ചന്ദയായി നൽകി, അലക്കു സോപ്പിനുള്ള സംവിധാനം അല്ലാഹു സ്വയം ചെയ്യുന്നതാണ് എന്ന് പറഞ്ഞു. അല്ലാഹു അതിനുള്ള സംവിധാനം ചെയ്തത് ഇപ്രകാരമാണ്. രണ്ട് ദിവസത്തിന് ശേഷം അവരുടെ വീട്ടിൽ ഒരതിഥി വന്നു. എന്നിട്ട് ഒരു പെട്ടി നിറയെ അലക്കു സോപ്പ് സമ്മാനമായി നൽകുകയും ചെയ്തു.

ബെനിനിലെ ഒരു സഹോദരി ആരെയും കാണിക്കാതെയാണ് നന്മകൾ ചെയ്തിരുന്നത്. ദീനി കാര്യങ്ങളിൽ അഹമഹമികയാ മുന്നേറിയിരുന്നു. അവരുടെ ചന്ദയുടെ നിലവാരം ഉന്നതമായിരുന്നു. എന്നാലും വർഷാവസാനം അവരുമായി ബന്ധപ്പെട്ടപ്പോൾ അതു കേട്ടയുടനെ അല്ലാഹു തന്നിൽ വർഷിച്ച അനുഗ്രഹങ്ങളെ അവർ എണ്ണാൻ തുടങ്ങി. അങ്ങനെ ഒരുലക്ഷം ഫ്രാങ്ക് ചന്ദയിനത്തിൽ കൂടുതലായി നൽകി. അപ്പോൾ അവരോട് പറഞ്ഞു, നിങ്ങളുടെ ഇന്ന മക്കളുടെ ഇത്ര ചന്ദ വരാനുണ്ട്. അപ്പോൾ അവരുടെ ഭാഗത്തുനിന്ന് 30,000 നൽകി.

മകൾക്കറിയാൻ കഴിഞ്ഞപ്പോൾ അവരും നൽകാനൊരുങ്ങി, മറ്റൊരു മകളുടെ ചന്ദയുടെ കുറച്ചു കൂടി നൽകാനുണ്ടെന്നറിയിച്ചപ്പോൾ അതും നൽകുകയുണ്ടായി.' തങ്ങളുടെ ആഗ്രഹങ്ങളെല്ലാം അവസാനിപ്പിച്ചു കൊണ്ട് ചന്ദയുടെ പ്രാധാന്യം മനസ്സിലാക്കി അത് നൽകുന്നവരും ജനങ്ങളിലുണ്ട്.

തൻസാനിയ മുബല്ലിഗ് സാഹിബ് എഴുതുന്നു. ചന്ദ നൽകാത്തവരോട് നൽകാൻ പറഞ്ഞപ്പോൾ ഉടനെ ചന്ദ നൽകുകയുണ്ടായി. ചിലർ തങ്ങളുടെ അത്യാവശ്യ കാര്യങ്ങൾ വരെ മാറ്റിവെച്ചുകൊണ്ട് ചന്ദ നൽകുകയുണ്ടായി.

അമീർ സാഹിബ് മാലി എഴുതുന്നു. ഞങ്ങളുടെ മുഅല്ലിം അബ്ദുൽ ഖാദിർ ചന്ദയെ കുറിച്ച് പറഞ്ഞു. അതിന്റെ പ്രാധാന്യം മനസ്സിലാക്കി ക്കൊടുത്തു. ഇതിൽ വലിയ ബർക്കത്തുണ്ടെന്ന് അറിയിച്ചു. അവിടത്തെ ഇമാം സാഹിബ് വളരെ പാവപ്പെട്ടവനായിരുന്നു. സൈക്കിൾ വാങ്ങാൻ പോലും പണമുണ്ടായിരുന്നില്ല. അദ്ദേഹം ചോദിച്ചു. എത്ര ചന്ദ വേണം. അല്ലാഹു തന്ന തൗഫീഖനുസരിച്ച് നൽകുക. താങ്കൾ നൽകുന്നതിൽ കുറവ് വരുത്തരുതെന്നും പറഞ്ഞു. അപ്പോൾ ഇമാം സാഹിബ് 1000 ഫ്രാങ്ക് ചന്ദയിനത്തിൽ നൽകി. ചന്ദ കൊണ്ട് ബർക്കത്ത് ലഭിക്കുമെങ്കിൽ സൈക്കിളിന് പകരം മോട്ടോർ സൈക്കിൾ വാങ്ങാൻ തൗഫീക്ക് നൽകുമെന്നും മനസ്സിൽ കരുതി. ആറ് മാസം കഴിഞ്ഞപ്പോഴേക്കും ഒരു മോട്ടോർ സൈക്കിൾ വാങ്ങാനുള്ള തൗഫീഖ് അല്ലാഹു അദ്ദേഹത്തിന് നൽകി. 1000 ഫ്രാങ്ക് ചന്ദക്ക് പകരം 65,000 ഫ്രാങ്ക് ചന്ദ നൽകുകയുണ്ടായി.

ഹരിയാനയിലെ ഒരഹ്മദിയുടെ ചന്ദ 12,000 രൂപയായിരുന്നു ചന്ദയുടെ പ്രാധാന്യത്തെ കുറിച്ച് പറഞ്ഞു കൊടുത്തപ്പോൾ അദ്ദേഹം പറഞ്ഞു, എന്റെ മാസവരുമാനം 50,000 രൂപയാണ്. ഇതനുസരിച്ച് ബഡ്ജറ്റ് ഉണ്ടാക്കുക. അതനുസരിച്ച് അദ്ദേഹം ചന്ദ നൽകാനും തുടങ്ങി.

ഇന്ത്യയിലെ ഇൻസ്പെക്ടർ വഖ്ഫെ ജദീദ് എഴുതുന്നു. ജമ്മു കശ്മീരിലെ ഒരു സ്ത്രീ സ്കൂൾ ടീച്ചറാണ്. ആ പ്രദേശത്ത് വഖ്ഫെ ജദീദ് ചന്ദ ഇവരുടെതാണ് ഏറ്റവും കൂടുതൽ. ബഡ്ജറ്റ് ഉണ്ടാക്കുമ്പോൾ ചോദിക്കും ഖലീഫത്തുൽ മസീഹിൽ നിന്നുള്ള നിർദ്ദേശമെന്താണ്. അതനുസരിച്ചു തന്റെ ചന്ദ വർദ്ധിപ്പിച്ച് എഴുതിക്കുക എന്നതാണ് ഇവരുടെ ശൈലി. മാത്രമല്ല നേരത്തെ തന്നെ അത് അടച്ചു തീർക്കുകയും ചെയ്യുമായിരുന്നു. ഈ വർഷവും വാഗ്ദാനം എഴുതിപ്പിക്കുകയും തന്റെ മരിച്ചു പോയ ഭർത്താവിന്റെ പേരിൽ 20,000 രൂപ കൂടുതൽ നൽകുകയും ചെയ്തു.

ഇൻസ്പെക്ടർ വഖ്ഫെ ജദീദ് എഴുതുന്നു. ആസ്നൂർ ജമാഅത്തിൽ ഒരു വ്യക്തിയായ ഖാജാ സാഹിബിന്റെ അടുത്ത് ചന്ദ പിരിക്കാൻ പോയാൽ തന്റെ പുരോഗതിയുടെ ഏതെങ്കിലും സംഭവം അദ്ദേഹം കേൾപ്പിക്കും. ഈ പ്രാവശ്യം അദ്ദേഹത്തിന്റെ അടുത്ത് ചന്ദ വാങ്ങാനായി പോയപ്പോൾ അദ്ദേഹം പറഞ്ഞു. ''അദ്ദേഹം കുറേ ദരിദ്രരായ ആളുകൾക്ക് കച്ചവടം പഠിപ്പിച്ചു കൊടുത്തു. ഇപ്പോൾ കച്ചവടത്തിൽ അവർ എന്നോട് മത്സരിക്കുന്നു. കച്ചവടത്തിൽ എന്നോട് മത്സരിക്കുന്നുണ്ട്. അല്ലാഹു അവരുടെ കച്ചവടത്തിൽ പുരോഗതി നൽകട്ടെ. അവർ ചന്ദ നൽകുന്നതിലും എന്നോട് മത്സരിച്ചിരുന്നെങ്കിൽ! എന്റെ ചരക്ക് മാർക്കറ്റിൽ എത്തുമ്പോൾ വില കുറവാണെങ്കിൽ തന്നെയും അല്ലാഹുവിന്റെ ഫള്ലിനാൽ നല്ല വില ലഭിക്കുമായിരുന്നു.''

സ്ത്രീകളുടെയും പുരുഷന്മരുടെയും എത്രയോ സംഭവങ്ങൾ ഇതുമായി ബന്ധപ്പെട്ടതായിട്ടുണ്ട്. ചന്ദയുടെ പ്രാധാന്യം അവരിൽ വ്യക്തമാകുമ്പോൾ അവരും ചന്ദ നൽകുന്നു. പുറമേനിന്ന് ലഭിക്കുന്നതിൽ മാത്രം അവർ ആശ്രയിക്കുന്നില്ല. അവർ സ്വയം ത്യാഗം ചെയ്യുന്നുണ്ട്. സ്വന്തം കാലിൽ നിൽക്കാൻ അവർ ശ്രമിച്ചുവരികയും ചെയ്യുന്നു. ഈ സംഭവങ്ങളിൽ നിന്നും അതെല്ലാം വ്യക്തമാണ്. വിശുദ്ധ ഖുർആൻ ധനത്യാഗത്തെക്കുറിച്ച് നൽകിയിരിക്കുന്ന അധ്യാപനങ്ങളുടെ ആത്മാവ് ഉൾക്കൊണ്ടുകൊണ്ടാണ് ഓരോ അഹ്മദിയും ഇത് ചെയ്യുന്നത്. അതിന്റെ പ്രാധാന്യം ഇക്കാലത്ത് ഹ: മസീഹ് മൗഊദ് عليه السلام നമുക്ക് വിവരിച്ചു തരികയും ചെയ്തിരിക്കുന്നു.

പറയുന്നു: ''ലോകത്ത് മനുഷ്യൻ ധനത്തെ വളരെയധികം സ്നേഹിക്കുന്നു. ഇതു കാരണമാണ് സ്വപ്ന വ്യാഖ്യാന ഗ്രന്ഥങ്ങളിൽ ഒരാൾ തന്റെ കരൾ പറിച്ച് ഒരാൾക്ക് നൽകി എന്നതിന്റെ വ്യാഖ്യാനം ധനമാണെന്ന് എഴുതിയിരിക്കുന്നത്. ഇതു കാരണം തന്നെയാണ് യഥാർത്ഥ ത്ഖവയും വിശ്വാസവും കരസ്ഥമാക്കാനായി لَنْ تَنَالُوا الْبِرَّ حَتّٰى تُنْفِقُوْا مِمَّا تُحِبُّوْنَ എന്ന് പറഞ്ഞിരിക്കുന്നത്. നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടത് ചെലവഴിക്കാതെ ഒരിക്കലും നിങ്ങൾക്ക് യഥാർത്ഥ നന്മ കൈവരിക്കാൻ സാധ്യമല്ല. സൃഷ്ടികളോട് സഹാനുഭൂതിയും സഹായവും നൽകാൻ ധനം ചെലവഴിക്കേണ്ടതിന്റെ ആവശ്യത്തിലേക്കാണ് സൂചന നൽകുന്നത്. സമസൃഷ്ടികളെയും മറ്റു ദൈവ സൃഷ്ടികളെയും സേവിക്കുക എന്നത് വിശ്വാസത്തിന്റെ രണ്ടാമത്തെ ഭാഗമാകുന്നു. ഇതില്ലാതെ ഈമാൻ പൂർണ്ണമാകുകയോ സുദൃഢമാക്കുകയോ ചെയ്യുകയില്ല. ത്യാഗം ചെയ്യാത്തിടത്തോളം മറ്റുള്ളവർക്ക് എങ്ങനെ നന്മ ചെയ്യാൻ സാധിക്കും മറ്റുള്ളവരിൽ നന്മ എത്തിക്കാൻ ത്യാഗം അനിവാര്യമാണ്. لَنْ تَنَالُوا الْبِرَّ حَتّٰى تُنْفِقُوْا مِمَّا تُحِبُّوْنَ എന്ന ആയത്തിൽ ഈ ഒരു ത്യാഗത്തെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ചുരുക്കത്തിൽ അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവു ചെയ്യുക എന്നതും മനുഷ്യന്റെ സൗഭാഗ്യവും തഖ്വയുടെ പദവിയും അതിന്റെ അളവുകോലുമാകുന്നു. ഹ: അബൂബക്കർ رضي الله عنه ന്റെ ജീവിതത്തിൽ അല്ലാഹുവിനു വേണ്ടിയുള്ള സമർപ്പണത്തിന്റെ അവസ്ഥ എന്തായിരുന്നു. തിരുനബി صلى الله عليه وسلم ഒരാവശ്യം ഉന്നയിച്ചു. ഉടനെ അദ്ദേഹം വീട്ടിലുള്ളതെല്ലാം കൊണ്ടുപോയി തിരുപാദത്തിൽ സമർപ്പിച്ചു. അല്ലാഹു ഈ ത്യാഗം ചെയ്യുന്ന എല്ലാവർക്കും ഈ ആത്മാവിനെ മനസ്സിലാക്കുന്നവർക്കും ധനത്തിലും സമ്പത്തിലും അംഗങ്ങളിലും അനുഗ്രഹങ്ങൾ വർഷിക്കുമാറാകട്ടെ.

കഴിഞ്ഞ വർഷ റിപ്പോർട്ടാണ് ഇനി അവതരിപ്പിക്കുന്നത് കഴിഞ്ഞത് 56 ാം വർഷമാണ്. പുതിയത് 57 ാം വർഷമാണ് 2014 ൽ തുടങ്ങുന്നത്. അതിന്റെ പ്രഖ്യാപനം നടത്തുകയാണ്. കഴിഞ്ഞ വർഷമായ അതായത് 56 ാം വർഷത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെ ജദീദ് 54 ലക്ഷത്തി 84000 പൗണ്ടിന്റെ ധനത്യാഗമാണ് സമർപ്പിച്ചത്. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 4,66,000 പൗണ്ട് കൂടുതലാണ്. ഈ വർഷം ബ്രിട്ടന്റെ സ്ഥാനം ഒന്നാണ്. ബ്രിട്ടന്റെ സ്ഥാനം ഒന്നാണ് എന്നതുകൊണ്ട് അർത്ഥമാകുന്നത് ആദ്യമൊക്കെ പാക്കിസ്ഥാന് ശേഷം ഒന്നാമത് എന്നാണ് ഞാൻ പറയാറുള്ളത്. എന്നാൽ ഈ വർഷം ബ്രിട്ടന്റെ സ്ഥാനം പാക്കിസ്ഥാനിനേക്കാളും മുകളിലാണ്. ബ്രിട്ടൻ ഒന്ന്, പാക്കിസ്ഥാൻ രണ്ട്, അമേരിക്ക, ജർമ്മനി, കാനഡ, ഇന്ത്യ, ആസ്ത്രേലിയ, ഇന്തോനേഷ്യ, മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത്, ബെൽജിയം.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബ്രിട്ടൻ ഈ വർഷം പിരിച്ചെടുത്തത് വ്യക്തമായ വർധനവോടു കൂടിയാണ്. അല്ലാഹു ചന്ദ നൽകുന്ന എല്ലാവരുടെയും സമ്പത്തിലും ആളുകളിലും അനുഗ്രഹങ്ങൾ വർഷിക്കുമാറാകട്ടെ. അമേരിക്കയും ജർമ്മനിയും ഇവരെവെച്ച് നോക്കുമ്പോൾ വളരെ പിന്നിലാണ്. അവർക്ക് മുൻകടക്കണമെങ്കിൽ വളരെയേറെ പരിശ്രമിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല ഇതിനെ നിലനിർത്താൻ ഇവർക്കും ശരിക്കും പ്രവർത്തിക്കേണ്ടതായിവരും. ഇവർ ചാടിയ ചാട്ടം അത്രക്കും കൂടുതലാണ്.

ചിലർ ഒരു പക്ഷെ എനിക്ക് ഇങ്ങനെ ഒരു മശ്വറ തന്നേക്കാം. അതായത് ഹ: ഖലീഫത്തുൽ മസീഹ് റാബിഇന്റെ കാലത്ത് ചന്ദ തഹ്‌രീകെ

ജദീദിൽ പാക്കിസ്ഥാൻ രണ്ടാം സ്ഥാനത്തെത്തിയിരുന്നു. അദ്ദേഹം അപ്പോൾ പുറമെയുള്ളവരോട് പറഞ്ഞിരുന്നത് നിങ്ങളുടെ അടുത്ത ബന്ധുക്കൾക്ക് പണമയക്കുമ്പോൾ കുറച്ച് കൂടുതൽ നൽകി നിങ്ങൾ ഇത് ചന്ദയിനത്തിൽ നൽകുക എന്ന് പറയുക. പാകിസ്ഥാന്റെ സ്ഥാനം നിലനിർത്താനായി താങ്കളും ഇങ്ങനെ പറയണമെന്ന് ആരെങ്കിലും എന്നോട് പറഞ്ഞാൽ ഞാൻ അങ്ങനെ പറയില്ല. അല്ലാഹു ആർക്കാണോ സ്ഥാനം നൽകിയത് അതിൽ നിൽക്കുക. ഓരോരുത്തരും അവരുടെ പരിധിയനുസരിച്ച് പരിശ്രമിക്കുക. എന്നാൽ പാക്കിസ്ഥാന് അവരുടേതായ ഒരു സ്ഥാനമുണ്ട്. അവരുടെ കറൻസി അവിടത്തെ അവസ്ഥ കാരണം വളരെയധികം ഇടിവ് നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതെല്ലാമാണെങ്കിൽ തന്നെയും വലിയ ത്യാഗമാണ് അവർ ചെയ്തത്. പൊതുവിലുള്ള പാക്കിസ്ഥാന്റെ അവസ്ഥ കാരണം ബിസിനസ്സ് അവസാനിച്ചിരിക്കുന്നു പാക്കിസ്ഥാനിലെ അഹ്മദികളെ പ്രത്യേകം ഉന്നംവെച്ച് കൊണ്ട് അവരുടെ ബിസിനസ്സിനെ തകർക്കാൻ ശ്രമിക്കുന്നു. ഇതെല്ലാമുണ്ടായിട്ടും അവരുടെ ത്യാഗനിലവാരം വളരെ ഉന്നതമാണ്. *അല്ലാഹു അവരുടെ ധനത്തിലും ആളുകളിലും ബർക്കത്ത് ഇടുമാറാകട്ടെ. അവരുടെ പ്രയാസങ്ങളെ ദുരീകരിക്കട്ടെ. അവർക്ക് സമാശ്വാസം ലഭിക്കുമാറാകട്ടെ.* അവർക്ക് അൽപമെങ്കിലും ആശ്വാസം ലഭിച്ചാൽ അവരുടെ ത്യാഗത്തിന്റെ ഫലമായി ഒരു പക്ഷെ അടുത്ത വർഷം പുറമെ നിന്നുള്ള ഒരു സഹായവുമില്ലാതെ തന്നെ അവർ സ്വയം മുന്നേറിയേക്കാം. *ബ്രിട്ടൻ ഈ പ്രാവശ്യം കുതിച്ച കുതിപ്പിനെ അല്ലാഹു അനുഗ്രഹീതമാക്കട്ടെ.* വഖ്ഫെ ജദീദ് സെക്രട്ടറി, അമീർ സാഹിബ് എന്നിവർക്ക് കൂടുതൽ ദുആയും പരിശ്രമവും നടത്തേണ്ടിയിരിക്കുന്നു.

ഇതിനു പുറമെ വലിയ ജമാഅത്തുകളിൽ വ്യക്തികത ചന്ദയുടെ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനത്ത് എത്തിയത് മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്താണ്. പിന്നീട് അമേരിക്ക, സ്വിറ്റ്സർലാന്റ്, അമേരിക്കയുടേത് 83 പൗണ്ട് പർ ഹെഡ്, ആദ്യത്തേത് 93 പൗണ്ട്പർ ഹെഡ് ആണ്. സ്വിറ്റ്സർ ലാന്റ് 61 പൗണ്ട്, ബെൽജിയം 47 പൗണ്ട്, യു.കെ 45 പൗണ്ട്. എണ്ണത്തിൽ ഇവിടെ വർദ്ധനവുണ്ടായി എന്നാണ് മനസ്സിലാകുന്നത്. അതുകൊണ്ടാണ് ചന്ദ വർദ്ധിച്ചത്. ആസ്ത്രേലിയ 39 പൗണ്ട്. ഫ്രാൻസ് 38 പൗണ്ട്, കാനഡ 32, ജപ്പാൻ 30 പൗണ്ട്, സിങ്കപ്പൂർ, ജർമ്മനി, നോർവ്വേ 29 പൗണ്ട്.

അംഗങ്ങളുടെ എണ്ണം 10,44,720 ആണ്. ആഫ്രിക്കയിലെ നവ അഹ്മദികളും കുട്ടികളും ഇതിൽ ഉൾപ്പെടുന്നു. ആഫ്രിക്കയിലുള്ളവർ ഒരു കാര്യം ഇനി മുതൽ ഓർക്കുക. ആരെല്ലാമാണ് ചന്ദ നൽകിയത് അവരുടെ ലിസ്റ്റും അയക്കുക. പത്ത് പെൻസ് നൽകുന്നവരാണെങ്കിൽ അവരുടെ പേരും അയക്കണം. ഓരോ ജമാഅത്തിന്റെയും അംഗങ്ങളുടെ എണ്ണം അറിയാൻ സാധിക്കുന്നതാണ്. അംഗങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയതിൽ ബുൽക്കീനോ ഫാസു, ബെനിൽ, സെറാലിയോൺ, ഗേമ്പിയ, നൈജർ, ഐവറികോസ്റ്റ്, തൻസാനിയ എന്നിവയാണ് ഏറ്റവും മുമ്പിൽ.

മൊത്തത്തിലുള്ള വസൂലിയുടെ അടിസ്ഥനത്തിൽ നൈജീരിയ ഏറ്റവും മുമ്പിലാണ്. തുടർന്ന് ഘാന, മൊറീഷ്യസ്.

പാക്കിസ്ഥാനിലെ ആദ്യമൂന്ന് ജമാഅത്തുകൾ ലാഹോർ, റബ്വ, കറാച്ചി എന്നിവയും മുതിർന്നവരുടെ ചന്ദയുടെ അടിസ്ഥാനത്തിൽ ജില്ലകളുടെ സ്ഥാനം സിയാൽകോട്ട്, റാവൽപിണ്ടി, ഇസ്ലാമാബാദ്, ഫൈസലാബാദ്, സർഗോധാ, ഗുജ്റാൻ വാല, ഗുജ്റാത്ത്, മുൽത്താൻ, നരോവാൾ, ഹൈദറാബാദ് എന്നിവയുമാണ്. അത്ഫാൽ ചന്ദയിൽ മൂന്ന് ജമാഅത്തുകൾ ലാഹോർ, കറാച്ചി, റബ്വ. അത്ഫാൽ ജില്ലാ തലത്തിലുള്ള സ്ഥാനം, സിയാൽ കോട്ട്, റാവൽപിണ്ടി; പുരുഷന്മാരിലും കുട്ടികളിലും സിയാൽ കോട്ട് ഒന്നാം സ്ഥാനത്താണ്. റാവൽപിണ്ടി, ഇസ്ലാമാബാദ്, ഫൈസലാബാദ്, ഗുജ്റാൻ വാല, സർഗോദ, ഗുജ്റാത്ത്, നാരോവാൾ, മുൽത്താൻ, നന്കാന സാഹിബ്.

മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ ബ്രിട്ടനിലെ പത്ത് ജമാഅത്തുകൾ. ബരമിഗംവെസ്റ്റ്, ജലിംഗം, റെയിൻസ്പാർക്ക്, മസ്ജിദ് ഫസൽ, ബൂസ്റ്റർ പാർക്ക്, Hounslow North വിമ്പിൾഡൺ, ബ്രെഡ്ഫോർട്ട് സൗത്ത്, Balham, ന്യൂ മോർഡൻ റീജൻ അടിസ്ഥാനത്തിൽ മിഡിൽ Middlesex, South, London, Midlands and North-East

മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ ചെറിയ ജമാഅത്തുകൾ സ്പെൻ വാലി, Bromley & Lewisham ഡവണൻ കോർവോൾ, Northampton.

അമേരിക്കയിലെ പത്ത് ജമാഅത്തുകൾ. ലോസ് ഏഞ്ചലസ്, ഇൻലന്റ് എമ്പയർ, സിലിക്കോൻ വാലി, ഡിഗ്രോയിട്, സയാറ്റൽ ലോസ് ഏഞ്ചലസ് ഈസ്റ്റ്, സെൻട്രൽ ജെർസി, സിൽവർ സ്പ്രിങ്ങ്, സെൻട്രൽ വജീനിയ. ഡലസ്, ബോസ്റ്റൺ.

ജർമ്മനിയിലെ 5 ജമാഅത്തുകൾ. ലോക്കൽ ഇമാറത്തുകളുടേത്. Hamburg, Frankfurt, Gross Grau, Darmstad and Wiesbaden.

വുസൂലിയുടെ അടിസ്ഥാനത്തിൽ ജർമ്മനിയിലെ 10 ജമാഅത്തുകൾ. റൂടർ മാർക്ക്, വെലി, നിദ, ഫ്രഡ്ബർഗ്, മായിൻസ്, ഫുൽഡ, നോയസ്, റൗണ്ട് ഹണ്ട്, പ്രോഡ്ലൻസ്, നോക്കർ, കൊലോണ്.

കനഡയിലെ വലിയ ജമാഅത്തുകൾ. കാൽഗറി, പീസ് വില്ലേജ്, വാഗൺ, വെൺകോവർ. കനഡയിലെ ചെറിയ ജമാഅത്തുകൾ. അഡ്മിന്റൺ, ടർഹം, സിഡക്കട്ടോൺ, Ottawa, Saskatoon South, Milton.

മൊത്തം വസൂലിയുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ സംസ്ഥാനങ്ങൾ കേരളം, ജമ്മുകശ്മീർ, ആന്ധ്രപ്രദേശ്, തമിഴ്നാട്, ബംഗാൾ, ഒഡീസ, കർണ്ണാടക, ഖാദിയാൻ (പഞ്ചാബ്), മഹാരാഷ്ട്ര, ഡൽഹി (ഉത്തർപ്രദേശ്)

വസൂലിയുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ പത്ത് ജമാഅത്തുകൾ. കരുളായി, കാലികറ്റ്, കണ്ണൂർ ടൗൺ, ഹൈദറാബാദ്, ഖാദിയാൻ, കൊൽക്കത്ത, ചെന്നൈ, പഴയങ്ങാടി, മാംഗ്ലൂർ, റിശീനഗർ, പത്തപ്പിരിയം, മാത്തോട്ടം, കേരംഗ്.

അല്ലാഹു ത്യാഗം ചെയ്ത എല്ലാവർക്കും അനന്തമായി നൽകുമാറാകട്ടെ.

നമസ്കാരങ്ങൾക്ക് ശേഷം ഒരു ജനാസയും നമസ്കരിപ്പിക്കുന്നതാണ്. ബഹുമാന്യ യൂസുഫ് ലത്തീഫ് സാഹിബ് ബോസ്റ്റൺ അമേരിക്ക. 23 ഡിസംബർ 2013 93 ാം വയസ്സിലാണ് മരിച്ചത്. إِنَّا لِلّٰهِ وَإِنَّآ إِلَيْهِ رَاجِعُوْنَ ഒക്ടോബർ 1920 ലാണ് ജനിച്ചത്. ടെന്നീസ് സ്റ്റേറ്റിൽ. ഹദ്റത് മസീഹ് മൗഊദ് عليه السلام ഹ: മുസ്‌ലിഹ് മൗഊദ് رضي الله عنه എന്നിവരുടെ ഗ്രന്ഥങ്ങൾ വായിക്കാനുള്ള അവസരം ലഭിച്ചു. അതിനു ശേഷം 1948 ലാണ് ബൈഅത്തിനുള്ള തൗഫീഖ് ലഭിച്ചത്. ആഫ്രിക്കൻ അമേരിക്കൻ അഹ്മദിയായിരുന്നു. ആദ്യകാല ആഫ്രിക്കൻ അമേരിക്കൻ അഹ്മദികളിൽ ഉൾപ്പെടുന്ന വ്യക്തിയാണ് ഈ മാന്യദേഹം. പലപ്പോഴും പറയാറുള്ളത് ഇനി വിശ്വസിക്കൽ എന്റെ ബാധ്യതയാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ബൈഅത്ത് ചെയ്തില്ലയെങ്കിൽ അല്ലാഹുവിൽ നിന്നും സത്യത്തിൽ നിന്നും മുഖം തിരിച്ചു കളയുന്നവനായി ഞാൻ മാറുന്നതാണ്. വിദ്യാഭ്യാസത്തിൽ ഡോക്ക്ടറേറ്റ് കരസ്ഥമാക്കിയിട്ടുണ്ട്. വിവിധ യൂനിവേഴ്സിറ്റികളിൽ പ്രൊഫസറായി അധ്യാപനം നടത്തി. വിവിധ ഗ്രന്ഥങ്ങളുടെ രചയിതാവായിരുന്നു. അതിൽ സ്വന്തം ജീവിത ചരിത്രം ഉൾപ്പെടും.

ഇദ്ദേഹത്തിന്റെ പ്രശസ്തി കാരണം ഇദ്ദേഹത്തിന്റെ മരണവാർത്ത അമേരിക്കയിലും ലോകത്തെല്ലായിടത്തും പെട്ടെന്ന് പ്രചരിക്കുകയുണ്ടായി. അമേരിക്കയിലെ എല്ലാ സുപ്രധാന പത്രങ്ങളും ഈ വാർത്ത പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസിഡന്റ് ക്ലിന്റണ് വൈറ്റ് ഹൗസിൽ ഇദ്ദേഹത്തെ ക്ഷണിച്ചപ്പോൾ ഇദ്ദേഹം സൽവാർ കമീസ് ധരിച്ചാണ് പോയിരുന്നത്. പാക്കിസ്ഥാനി ആയിരുന്നില്ല ഇദ്ദേഹം. ആഫ്രിക്കൻ അമേരിക്കനായിരുന്നു. അദ്ദേഹം തന്റെ ഔദ്യോഗിക ജീവിതങ്ങൾ ഏറ്റവും ഉന്നതമായ അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്. അത് നോബൽ സമ്മാനത്തിന് തുല്യമായിരുന്നു. അഹ്മദി ആയതുകൊണ്ട് ദീനി കാര്യത്തിൽ ഒരിക്കലും കോംപ്രമൈസ് ചെയ്തിരുന്നില്ല. മ്യൂസിക്കിനെ സംബന്ധിച്ച് ലേഖനങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും ഒരിക്കലും മദ്യം വിളമ്പുന്ന ഒരു സദസ്സിലും പങ്കെടുക്കുമായിരുന്നില്ല. ഹജ്ജും ഉംറയും ചെയ്തിട്ടുണ്ട്. ധനത്യാഗത്തിലും ചന്ദയുടെ കാര്യത്തിലും വലിയ ത്യാഗങ്ങളാണ് സമർപ്പിച്ചത്.

ലോക്കൽ സെക്രട്ടറിമാർ പറയുന്നു. ഇദ്ദേഹത്തിന് മാസത്തിൽ ശമ്പളത്തിന്റെ ചെക്ക് എപ്പോൾ കിട്ടിയാലും ആദ്യം നിർബന്ധ ചന്ദകൾ നൽകുമായിരുന്നു. അദ്ദേഹം പറയാറുണ്ടായിരുന്നു. 'ഞാൻ ബൈഅത്ത് ചെയ്ത അന്നു മുതൽ ഇന്ന് വരെ എനിക്ക് അടിയുറച്ച വിശ്വാസം അഹ്മദിയ്യത്തിന്റെ വഴി തന്നെയാണ് സത്യത്തിന്റെ വഴി എന്നാണ്. തിരുനബി ﷺ യുടെ അതേ മാർഗം തന്നെയാണിത്. ഈ മാർഗത്തിൽ സഞ്ചരിക്കുന്നവർ ഒരിക്കലും നശിക്കുകയില്ലെന്ന് എനിക്കുറപ്പുണ്ട്. ഞാനും എന്റെ കുടുംബവും ഈ മാർഗത്തിൽ ചരിച്ചു കൊണ്ട് മോക്ഷം പ്രാപിക്കും എന്നെനിക്കുറപ്പുണ്ട്. അഹ്മദിയ്യത്ത് സ്നേഹവും സാഹോദര്യവും സ്ഥാപിക്കുന്നതിനുള്ള അധ്യാപനമാണ് നൽകുന്നത്.'

ഖാദിയാനും റബ്‌വയും സന്ദർശിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ജൽസയിൽ ലണ്ടനിൽ വന്നിരുന്നു. ഖിലാഫത്തിനോട് പ്രത്യേക സനേഹമായിരുന്നു. മൂന്നാം ഖലീഫയെയും നാലാം ഖലീഫയെയും എന്നെയും കണ്ടിട്ടുണ്ട്. ലണ്ടനിൽ വന്നപ്പോൾ രോഗിയായിരുന്നു. വീൽ ചെയറിലായിരുന്നു. നല്ലവനും നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്ന ആളുമായിരുന്നു. ജുമുഅ നമസ്കാരത്തിൽ കൃത്യത കാണിച്ചിരുന്നു. എല്ലാവരോടും വാത്സല്യത്തോടും സ്നേഹത്തോടും വർത്തിച്ചിരുന്നു. മുഖ്‌ലിസായിരുന്നു. അഹ്മദികൾ കൂടാതെ അനഹ്മദികളുമായും വളരെ സ്നേഹത്തോടെ ബന്ധപ്പെട്ടിരുന്നു. ജമാഅത്തിൽ ദീർഘകാലം വിവിധ വകുപ്പുകളിൽ സേവനമനുഷ്ടിക്കാൻ സാധിച്ചു. ദഅ്‌വത്തെ ഇലല്ലാഹ് കാര്യത്തിൽ വളരെ തത്പരനായിരുന്നു. ജമാഅത്തീ സാഹിത്യങ്ങൾ തന്റെ കൂട്ടുകാർക്കും അയൽവാസികൾക്കും എല്ലാം നൽകിയിരുന്നു. എപ്പോഴും നോട്ടീസ് പോക്കറ്റിൽ ഇടും. തന്റെ കൂടെ യാത്ര ചെയ്യുന്നവർക്ക് അത് നൽകും. സ്വന്തം ചെലവിൽ കാഴ്ച്ചയില്ലാത്തവർക്കായി ഇസ്‌ലാം മത തത്വജ്ഞാനവും കുട്ടികളുടെ തർബിയത്തിനുള്ള പുസ്തകങ്ങളും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മൂസിയായിരുന്നു. ഭാര്യ ആയിഷ ലത്തീഫ് സാഹിബ, മകൻ യൂസുഫ് ലത്തീഫ് സാഹിബ് എന്നിവരാണ് സന്തപ്ത കുടുംബാംഗങ്ങൾ. *അല്ലാഹു ഇവർക്കെല്ലാവർക്കും ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. ഇദ്ദേഹത്തിന്റെ നന്മയിൽ ചരിക്കാനുള്ള ഭാഗ്യം നൽകുമാറാകട്ടെ.*

# PRINTED BOOKS

**To**

**From,**
**AHMADIYYA JAMA-AT**
**" Baitul Quddoos "**
**G.H.Road, Calicut -1**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2014 January 03 at : Baitul Futuh Mosque, London.
Translation: M.Nasir Ahmad, Kodiyathur - 09497343704

Typing: A.T. Nasarudheen Calicut
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, Calicut Zilla.**